# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# തലപ്പലം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി- 14/ 2523/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 05/01/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തലപ്പലം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ-കെ.ടി.എം.പി- 14/ 2523/22 തീയ്യതി: 05/01/2023

## കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2021 മുതൽ 30-11-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 21 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 16-12-2022 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബീനാകുമാരി സി.ആർ | ഡെപ്യൂട്ടി ഡയറക്ടർ | 07-12-2022 | 16-12-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 07-12-2022 | 16-12-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സജി പി ആർ , ഓഡിറ്റ് ഓഫീസർ
ആൽബിൻ സിറിയക്, സീനിയർ ഗ്രേഡ് ഓഡിറ്റർ
കൃഷ്ണപ്രിയ എസ് ,ഓഡിറ്റർ
അഗസ്റ്റിൻ സി തേവർകുന്നേൽ , ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി അനുപമ വിശ്വനാഥ് | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| ശ്രീമതി ഷീജ പി എസ് | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മഞ്ജുദേവി വി ആർ | കൃഷി ഓഫീസർ | 01-04-2021 | 07-04-2021 |
| ശ്രീ. സുഭാഷ് എസ് എസ് | കൃഷി ഓഫീസർ - ഇൻ ചാർജ്ജ് | 08-04-2021 | 04-12-2021 |
| ശ്രീമതി മഞ്ജുദേവി വി ആർ | കൃഷി ഓഫീസർ | 05-12-2021 | 31-03-2022 |
| ശ്രീമതി മോൻസി ജോസ് | ഹെഡ് മാസ്റ്റർ-ഇൻ ചാർജ്ജ്,ഗവ. എൽ.പി സ്കൂൾ | 01-04-2021 | 26-10-2021 |
| ശ്രീമതി ജെയ്മോൾ പി തോമസ് | ഹെഡ് മാസ്റ്റർ, ഗവ. എൽ.പി സ്കൂൾ | 27-10-2021 | 31-03-2022 |
| ഡോ. പദ്മനാഭൻ ഇ ജി | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2021 | 31-03-2022 |
| ഡോ. സിമി തോമസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2021 | 31-03-2022 |
| ഡോ. അക്സ പി തോമസ് | വെറ്റിനറി സർജൻ | 01-04-2021 | 31-03-2022 |
| ഡോ. യശോദരൻ ഗോപാലൻ | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2021 | 31-03-2022 |
| ശ്രീമതി ആരിഫ കെ പി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| ശ്രീ ജയപ്രകാശ് ആർ | അസിസ്റ്റന്റ് എഞ്ചിനിയർ-ഇൻ ചാർജ്ജ് | 01-04-2021 | 07-07-2021 |

| | | | |
|---|---|---|---|
| | (എൽ.എസ്.ജി.ഡി) | | |
| ശ്രീമതി ആര്യ എസ് ദിവാകരൻ | അസിസ്റ്റന്റ് എഞ്ചിനിയർ (എൽ.എസ്.ജി.ഡി) | 08-07-2021 | 31-03-2022 |
| ശ്രീ റൊണാൾഡ് വിൽസൺ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ. പദ്മകുമാർ പി ജി | വി ഇ ഒ 1 | 01-04-2021 | 06-10-2021 |
| ശ്രീ.ലൗജിൻ സണ്ണി | വി ഇ ഒ 1 | 07-10-2021 | 31-03-2022 |
| ശ്രീമതി മിനി പി വിജയ് | വി ഇ ഒ 2 | 01-04-2021 | 15-11-2021 |
| ശ്രീ.ലൗജിൻ സണ്ണി | വി ഇ ഒ 2 | 16-11-2021 | 31-03-2022 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഗ്രാന്റ് വിനിയോഗം | 1-4 |
| 5 | പദ്ധതിഅവലോകനം. | 1-5 |
| 6 | മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | സാമൂഹ്യസുരക്ഷ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വസ്തു നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിരിക്കുന്നു. | 1-11 |
| 12 | സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെയും വ്യത്യസ്ത വഴി സൗകര്യത്തിന്റെയും അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു | 1-12 |
| 13 | ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു | 1-13 |
| 14 | ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം | 1-14 |
| 15 | റേഷൻ കടകൾ, അക്ഷയ കേന്ദ്രങ്ങൾ എന്നിവയിലെ ജീവനക്കാരുടെയും, കരാറുകാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 1-15 |
| 16 | എഫ്.ടി.ഇ ആൻഡ് ഓ.എസ് ലൈസെൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്തു ഈടാക്കുന്നില്ല | 1-16 |
| 17 | ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-17 |
| 18 | പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു | 1-18 |
| 19 | പെറ്റി വർക്ക് സംബന്ധിച്ച രേഖകൾ ലഭ്യമായിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-19 |
| 20 | വിനിയോഗ സാക്ഷ്യപത്രം/കൈപ്പറ്റ് വിവരങ്ങൾ ലഭ്യമായിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു | 1-20 |
| 21 | വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ | 1-21 |

| | | |
|---|---|---|
| 22 | ഇ ടെണ്ടർ ഫീ തിരികെ ലഭിച്ചിട്ടില്ല. | 1-22 |
| 23 | ബെയിലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ- യാഥാർത്ഥ്യമായിട്ടില്ല. | 1-23 |
| 24 | മടപ്പാംതോട് ചാമപ്പാറ റോഡ് പുനരുദ്ധാരണം- അപാകതകൾ. | 1-24 |
| 25 | ഗുണഭോക്തൃസമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും അധികമായി ഉൾപ്പെടുത്തിയ ഓവർഹെഡ് ചാർജ് കുറവ് ചെയ്തില്ല. | 1-25 |
| 26 | ബാരൽവില ഈടാക്കിയതിൽ കുറവ് | 1-26 |
| 27 | കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല. | 1-27 |
| 28 | പൊട്ടിച്ചുമാറ്റിയ പാറയുടെ സർവ്വേറിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. | 1-28 |
| 29 | കോവിഡ് 19 പ്രതിരോധം – ഹോമിയോ ആശുപത്രിക്ക് മരുന്നും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങൽ - തെറ്റായ അക്കൗണ്ടിലേക്ക് തുക നൽകിയിരിക്കുന്നു | 1-29 |
| 30 | പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല. | 1-30 |
| 31 | ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെടാത്തയാൾക്ക് ഇൻസെന്റീവ് നൽകി | 1-31 |
| 32 | കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-32 |
| 33 | സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താത്ത പ്രോജക്ട് നടപ്പാക്കിയിരിക്കുന്നു | 1-33 |
| 34 | സെക്രട്ടറി നടപ്പാക്കിയ നിക്ഷേപ പ്രോജക്ടുകൾ- പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല | 1-34 |
| 35 | ലൈഫ് പദ്ധതി- അവലോകനം | 1-35 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ഗുണഭോക്തൃസമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും അധികമായി ഉൾപ്പെടുത്തിയ ഓവർഹെഡ് ചാർജ് കുറവ് ചെയ്തില്ല. | 3-1 |
| | ഭാഗം **4** | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം | 4-9 |

| | | |
|---|---|---|
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 19.02.2021 തീയതിയിലെ I/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 19.03.2022 തീയതിയിലെ 1/1 നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---|---|
| മുന്നിരിപ്പ് | 2437058.27 | 11941473 |
| വരവ് | 110405000 | 44607221 |
| ആകെ | 112847058.27 | 56548694 |
| ചെലവ് | 110131000 | 46857677 |
| നീക്കിയിരിപ്പ് | 2711058.27 | 9691017 |

### 1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 14.07.2022ലെ I(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2021-22 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 11941473.00 രൂപയും തൻവർഷ വരവ് 44607221.00 രൂപയും തൻവർഷചെലവ് 46857677.00 രൂപയും വർഷാവസാന നീക്കിയിരിപ്പ് 9691017.00 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 82820183.00 രൂപയും ആകെ ചെലവ് 84841516.00 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രിക പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011ലെ ജി.ഒ(എംഎസ്) 152/11/എൽഎസ്ജിഡി യിലെ നിർദ്ദേശം പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
2. വസ്തുനികുതിയുടെ വാർഷികധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. ലോൺ വിശദാംശങ്ങൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ബാലൻസ് ഷീറ്റ് ബി-5ഷെഡ്യൂളിൽ 330500201-Secured Loans എന്ന ശീർഷകത്തിൽ KURDFC ലോൺ തിരിച്ചടവായി അവശേഷിക്കുന്ന 8754923.00 രൂപയുടെ കൃത്യത ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല. 2019-20 വർഷത്തിലെ ലോൺ ഇനത്തിലുള്ള തിരിച്ചടവ് തുകയായ 735294.00 രൂ ലോൺ ബാദ്ധ്യത തുകയിൽ നിന്ന് കുറവ് ചെയ്തിട്ടില്ലാത്തത് നിലവിലും ലോൺ നീക്കിയിരിപ്പിൽ ക്രമീകരിച്ചിട്ടില്ല.
4. തൊഴിൽ നികുതി (ട്രേഡേഴ്സ്) വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻഡ്, കളക്ഷൻ തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
5. തൊഴിൽ നികുതി (ജീവനക്കാർ) വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
6. ലൈസൻസ് ഫീസ് വാർഷിക കണക്ക് പ്രകാരമുള്ള ഡിമാൻഡ്, കളക്ഷൻ, ബാലൻസ് തുകകൾ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
7. ബാലൻസ് ഷീറ്റ് ബി-9 ഷെഡ്യൂളിലെ വരവിനങ്ങളുടെ (വസ്തുനികുതി, തൊഴിൽനികുതി- ട്രേഡേഴ്സ്, ഡി & ഒ ലൈസൻസ് ഫീസ്) അഡ്വാൻസ് തുകകളുടെ കൃത്യത അടിസ്ഥാന രേഖകളുടെ അഭാവത്തിൽ ഉറപ്പാക്കാനാകുന്നില്ല.
8. ബാലൻസ് ഷീറ്റ് B15 ഷെഡ്യൂളിൽ വാടകകുടിശ്ശികയായി രേഖപ്പെടുത്തിയിരിക്കുന്ന 14436 രൂപയുടെ

വിശദാംശങ്ങൾ ലഭ്യമായില്ല.

9. ഇൻവെസ്റ്റ്മെന്റ് ബാലൻസ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ B12 ഷെഡ്യൂളിലെ സ്ഥിരനിക്ഷേപ നീക്കിയിരിപ്പിന്റെ കൃത്യത ഉറപ്പു വരുത്താൻ സാധിക്കുന്നില്ല. എഫ് ഡി രസീത് പരിശോധനയ്ക്ക് ലഭ്യമായില്ല. ബാങ്കിൽ നിന്നും ലഭിച്ച സ്റ്റേറ്റ്മെന്റിൽ നിന്നും (എസ്ബിഐ പ്ലാശനാൽ A/c No – 0120000015973) വാർഷിക കണക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് വ്യത്യാസപ്പെട്ടിരിക്കുന്നു.
10. RP 10- Recovery From Others – Audit Recovery ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന 9100/- രൂപയുടെ വരവ് യഥാർത്ഥത്തിൽ ഓഡിറ്റ് റിക്കവറി ഇനത്തിലുള്ള വരവല്ല.
11. ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ, വർക്ക് ഇൻ പ്രോഗ്രസ്സ് എന്നിവയുടെ കൃത്യത പരിശോധിക്കുന്നതിന് അടിസ്ഥാന രേഖകളും വിശദീകരണവും ലഭ്യമായില്ല.
12. B7 ഷെഡ്യൂളിൽ 340109901-Other Deposits ഹെഡിലെ 16641 രൂപയുടെ വിശദാംശങ്ങൾ രജിസ്റ്ററിൽ ലഭ്യമല്ലാത്തതിനാൽ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽ വിവരിച്ച അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11941473 |
| ഓഡിറ്റ് വർഷത്തെ വരവ് | 44607221 |
| ആകെ | 56548694 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 46857677 |
| നീക്കിയിരിപ്പ് | 9691017 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4569 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2691037 |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | ബജറ്റ് വിഹിതം | ആകെ | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെ ഈടാക്കിയത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 10139783 | 10139783 | 9356000 | 783783 | 92.27 |
| വികസനഫണ്ട് എസ്.സി.പി. | 0 | 1864798 | 1864798 | 1758795 | 106003 | 94.31 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 252000 | 252000 | 248015 | 3985 | 98.41 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 4908000 | 4908000 | 3980192 | 927808 | 81.09 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 4870979 | 4870979 | 3163468 | 1707511 | 64.94 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Untied ) | 0 | 2248825 | 2248825 | 2155019 | 93806 | 95.82 |

| | | | | | | |
|---|---|---|---|---|---|---|
| ധനകാര്യകമ്മീഷൻ ഗ്രാന്റ് ( Tied ) | 0 | 4679655 | 4679655 | 2308235 | 2371420 | 49.32 |
| എം. ജി. എൻ. ആർ. ഇ. ജി. എസ് | 2000 | 15452484 | 15454484 | 15452484 | 2000 | |
| ഐ.സി.ഡി. എസ്. കേന്ദ്രവിഹിതം | 348589 | 512914 | 861503 | 624000 | 237503 | 72.43 |
| ശുചിത്വമിഷൻ ഗ്രാന്റ് | 1553721 | 130000 | 1683721 | 727489 | 956232 | 43.20 |

വികസനഫണ്ടിന്റെ പൊതുവിഭാഗം, എസ്.സി.പി. വിഹിതങ്ങളിൽ നിന്ന് യഥാക്രമം 1564700/-രൂപ, 45833/-രൂപ വീതം കുറവ് ചെയ്തതിനുശേഷമാണ് ഗ്രാമപഞ്ചായത്തിന് ലഭിച്ചത്. ആയതിനാൽ ടി തുകകൾ ഉൾപ്പെടെയാണ് സുലേഖ സോഫ്റ്റ്‌വെയറിൽ ചേർത്തിട്ടുള്ളത്. എന്നാൽ സ്ഥാപനത്തിൽ ടി തുകകൾ പണമായി ലഭിക്കാതിരുന്നതിനാൽ വാർഷികകണക്കുകളുടെ ഭാഗമായ റസീറ്റ് & പേമെന്റ് സ്റ്റേറ്റ്മെന്റിലും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്ററിലും ടി തുകകൾ ഉൾപ്പെട്ടിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു. ഗ്രാന്റ് വിനിയോഗപത്രികയുടെ വരവ് ഭാഗത്ത് ടി വരവുകൾ ഉൾപ്പെട്ടിട്ടില്ല. ടി അപാകതകൾ നിലനിൽക്കെയാണ് അനുബന്ധം 2 ആയിട്ടുള്ള സാക്ഷ്യപത്രം ഉൾപ്പെടുത്തിയിട്ടുള്ളത്.

| പ്രോജക്ട് നം/ പേര് | ചെലവ് | ഫണ്ടിനം |
|---|---|---|
| 140/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 452833 | വികസനഫണ്ട് പൊതുവിഭാഗം |
| 147/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 88000 | വികസനഫണ്ട് പൊതുവിഭാഗം |
| 149/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് (ജനറൽ ) | 410667 | വികസനഫണ്ട് പൊതുവിഭാഗം |
| 139/22 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 204400 | വികസനഫണ്ട് പൊതുവിഭാഗം |
| 146/22 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 204400 | വികസനഫണ്ട് പൊതുവിഭാഗം |
| 148/22 അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം ഇനത്തിൽ ഈടാക്കുന്ന തുക | 204400 | വികസനഫണ്ട് പൊതുവിഭാഗം |
| ആകെ | 1564700 | |
| 141/22 ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 23833 | എസ്.സി.പി. |

| | | |
|---|---|---|
| 150/22<br>ലൈഫ് മിഷൻ വായ്പ മുതൽ തിരിച്ചടവ് ( എസ്.സി.പി. ) | 22000 | എസ്.സി.പി. |
| ആകെ | 45833 | |

സംരക്ഷണഗ്രാന്റ് റോഡിതര വിഭാഗത്തിൽ നിന്നും 35319 രൂപ വോട്ടിംഗ് മെഷീന്റെ വിലയിനത്തിൽ 2020-21 വർഷം ഉറവിടത്തിൽ നിന്നും കുറവ് ചെയ്തിരുന്നു. ടി തുക തൻവർഷം ലഭിച്ചിട്ടുണ്ട്.

## 1-5 പദ്ധതിഅവലോകനം.

2021-22 വാർഷികപദ്ധതി ആസൂത്രണ പ്രക്രിയയുടെ തുടക്കമായി വർക്കിംഗ് ഗ്രൂപ്പുകൾ പുന:സംഘടിപ്പിച്ച് പഞ്ചായത്ത് കമ്മറ്റിയുടെ 18.01.2021 ലെ 6(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. 02.02.2021 തീയതിയിൽ യോഗം ചേർന്നു. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. ആസൂത്രണസമിതി യോഗം 29.01.2021 ൽ ചേർന്നു. പദ്ധതിരൂപീകരണ ഗ്രാമസഭകൾ 07.02.2021 മുതൽ 11.02.2021 വരെയുള്ള തീയതികളിൽ ചേർന്ന് കരട് പദ്ധതിനിർദ്ദേശങ്ങൾ ചർച്ച ചെയ്തു. വികസനസെമിനാർ നടന്നത് 22.02.2021 ലാണ്. കോവിഡ് പ്രോട്ടോക്കോൾ നിലനിന്നിരുന്നതിനാൽ വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ഗ്രാമസഭ ചേർന്നിരുന്നില്ല. പഞ്ചായത്ത് കമ്മറ്റി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് 24.10.2021 മുതൽ 31.10.2021 വരെയുള്ള തീയതികളിലെ ഗ്രാമസഭായോഗങ്ങൾ സാധൂകരിച്ച് തീരുമാനിച്ചിട്ടുണ്ട്. വികലാംഗ ഗ്രാമസഭ 08.02.2022 ലും ഊരുകൂട്ടം 12.02.2021 ലും യോഗം ചേർന്ന് ഗുണഭോക്താക്കളെ തിരഞ്ഞെടുത്തു. 23.02.2021 ലെ I(1) നമ്പർ തീരുമാന പ്രകാരം ഭരണസമിതി വാർഷിക പദ്ധതി അംഗീകരിച്ചു. ജില്ലാ ആസൂത്രണസമിതിയുടെ 18.03.2022 ലെ 81898/21/DPC/DPO/KTM നമ്പർ ഉത്തരവ് പ്രകാരം വാർഷിക പദ്ധതിക്ക് അന്തിമ അംഗീകാരം ലഭിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 126 | 63390011 | 111 | 28605674 | 15 | 88.09 |

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണോദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ | തൻവർഷം തുക ചെലവഴിച്ചിട്ടുള്ള പ്രോജക്ടുകളുടെ എണ്ണം | ആകെ ചെലവ് |
|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 1317297 | 8 | 775015 |
| വെറ്റിനറി സർജൻ | 5 | 2299000 | 5 | 1833500 |
| മെഡിക്കൽ ഓഫീസർ സി.എച്ച്.സി | 6 | 1317272 | 6 | 1317272 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 2 | 525000 | 2 | 525000 |
| വി.ഇ.ഒ | 17 | 32766237 | 14 | 5468795 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 3108443 | 7 | 3048443 |
| സെക്രട്ടറി | 30 | 7826552 | 28 | 6872567 |
| അസിസ്റ്റന്റ് എൻജിനീയർ | 45 | 12405136 | 37 | 7431844 |

| | | | | |
|---|---|---|---|---|
| എച്ച്. എം, ഗവ. യു.പി. സ്കൂൾ | 4 | 1025074 | 2 | 833238 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 2 | 800000 | 2 | 500000 |
| ആകെ | 126 | 63390011 | 111 | 28605674 |

3529090 /- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തു.

2021-22 വർഷം ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി ലഭ്യമായ ഗ്രാന്റ് തുകകൾ പൂർണ്ണമായും ചെലവഴിക്കാൻ സാധിക്കാത്തതിനാൽ വിവിധ ഫണ്ടിനങ്ങളിലായി ആകെ 3529090/- രൂപ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചെടുത്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | ബജറ്റ് വിഹിതം | ചെലവഴിച്ച തുക | സഞ്ചിത നിധിയിലേയ്ക്ക് തിരികെ ഈടാക്കിയത് |
|---|---|---|---|
| വികസന ഫണ്ട് (പൊതുവിഭാഗം) | 10139783 | 9356000 | 783783 |
| വികസന ഫണ്ട് (എസ്.സി.പി) | 1864798 | 1758795 | 106003 |
| വികസന ഫണ്ട് (ടി.എസ്.പി) | 252000 | 248015 | 3985 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 4908000 | 3980192 | 927808 |
| സംരക്ഷണ ഗ്രാന്റ് (നോൺ റോഡ്) | 4870979 | 3163468 | 1707511 |
| ആകെ | | | 3529090 |

അംഗീകാരം കിട്ടിയ പല പ്രോജക്ടുകളും നടപ്പാക്കാതിരുന്നതും, നടപ്പാക്കിയവ സമയബന്ധിതമായി പൂർത്തീകരിക്കാതിരുന്നതുമാണ് മേൽപ്പറഞ്ഞ പ്രകാരം ഗ്രാമ പഞ്ചായത്തിന് 35 ലക്ഷത്തിലധികം രൂപ നഷ്ടമാകാനിടയായത്. വികസന പ്രവർത്തനങ്ങൾക്കായി ലഭിക്കുന്ന സർക്കാർ ധനസഹായം വിനിയോഗത്തിലെ കുറവ് മൂലം നഷ്ടമാകുന്ന സാഹചര്യം ഭാവിയിൽ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. എന്നിരുന്നാലും വികസന ഫണ്ട് പൊതുവിഭാഗം, എസ്.സി.പി, ടി.എസ്.പി എന്നീ വിഭാഗങ്ങളിൽ 90 ശതമാനത്തിലധികം തുക വിനിയോഗിക്കാൻ സാധിച്ചത് എടുത്തു പറയേണ്ട നേട്ടമാണ്.

നിക്ഷേപ പ്രവൃത്തികൾ- മുൻ വർഷങ്ങളിലേതുൾപ്പെടെ 32 ലക്ഷത്തിലധികം രൂപ വിനിയോഗിക്കാതെ നിർവ്വഹണ ഏജൻസികളുടെ അക്കൗണ്ടുകളിൽ അവശേഷിക്കുന്നു.

വാർഷിക കണക്ക് B18 പ്രകാരം ഷെഡ്യൂൾ പ്രകാരം ഗ്രാമപഞ്ചായത്ത് വിവിധ നിക്ഷേപ പ്രവൃത്തികൾക്കായി മുൻ വർഷങ്ങളിലേതുൾപ്പടെ നിർവ്വഹണ ഏജൻസികളിൽ നിക്ഷേപിച്ചിരുന്ന തുകയിൽ 3287940 /- രൂപ വിനിയോഗിക്കാതെ അവശേഷിക്കുന്നുണ്ട്. കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡിൽ നിക്ഷേപിച്ച 1975440/- രൂപയുടെ വിനിയോഗ വിവരവും, ഭൂജലവകുപ്പിൽ നിക്ഷേപിച്ച 756000/- രൂപയുടെ വിനിയോഗ വിവരവും, ക്ലീൻ കേരള കമ്പനിയിൽ നിക്ഷേപിച്ച 556500/-രൂപയുടെ വിനിയോഗ വിവരവുമാണ് ഇപ്രകാരം ലഭ്യമായിട്ടില്ലാത്തത്. നിർവ്വഹണ ഏജൻസികളുമായി ബന്ധപ്പെട്ട് പ്രവൃത്തികൾ പൂർത്തീകരിച്ച് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ തുകയുടെ വിനിയോഗ വിശദാംശങ്ങളും പ്രവൃത്തികളുടെ പൂർത്തീകരണ സാക്ഷ്യപത്രവും ഓഡിറ്റിൽ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 2167 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ 13 വാർഡിലെയും ലേബർ ഗ്രാമസഭ ചേർന്ന് ലേബർ ബജറ്റ് തയ്യാറാക്കിയിട്ടുണ്ട്. ഓഡിറ്റ് വർഷത്തെ ലേബർ ബജറ്റ് പ്രകാരം 252 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 194 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 176 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. ആകെ ചെലവ് 150.09 ലക്ഷം രൂപ. 38706 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 232 തൊഴിലാളികൾ 100 തൊഴിൽ ദിനങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 106 അയൽക്കൂട്ടങ്ങളിൽ 94 എണ്ണം പദ്ധതിയുമായി സഹകരിച്ചിട്ടുണ്ട്. 791 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. പ്രകൃതി വിഭവ സംരക്ഷണത്തിന് മുൻഗണന നല്കി മഴക്കുഴി നിർമ്മാണം, കയ്യാല നിർമ്മാണം തുടങ്ങിയ പ്രവൃത്തികളും റോഡ് കോൺക്രീറ്റിംഗ്, തൊഴുത്ത് നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം തുടങ്ങിയ ആസ്തിനിർമ്മാണ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. കാഷ് ബുക്ക് പ്രകാരമുള്ള 2021-22 വർഷത്തെ വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കാഷ് | 2000 | 442842 | 444842 | 442842 | 2000 |
| ഇ.എഫ്.എം.എസ് | 0 | 15009642 | 15009642 | 15009642 | 0 |
| | 2000 | 15452484 | 15454484 | 15452484 | 2000 |

## 1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമപദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതി | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 42840.00 | 17 |
| വാർദ്ധക്യകാല പെൻഷൻ | 16080300.00 | 1132 |
| കർഷക തൊഴിലാളി പെൻഷൻ | 1776500.00 | 131 |
| വിധവ പെൻഷൻ | 6144000.00 | 397 |
| 50 വയസിലധികം പ്രായമുള്ള അവിവാഹിത പെൻഷൻ | 300100.00 | 19 |
| വികലാംഗ പെൻഷൻ | 2252000.00 | 146 |
| വിധവകളുടെപെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 120000.00 | 04 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.12.2022 തീയതിയിൽ 3.15 പി എം-ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4221/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിൽ ഏർപ്പെടുത്തിയിട്ടുള്ള ആഭ്യന്തരനിയന്ത്രണസംവിധാനം തൃപ്തികരമാണ്. ഓഡിറ്റ് വർഷം 31.08.2021 വരെ സാംഖ്യ സോഫ്റ്റ് വെയർ വഴിയാണ് ഗ്രാമ പഞ്ചായത്തിൽ സാമ്പത്തിക

വിനിമയങ്ങൾ നടത്തിയിട്ടുള്ളത്. 01.09.2021 മുതൽ ILGMS സോഫ്റ്റ് വെയർ നടപ്പാക്കിയിട്ടുണ്ട്. ഡേ ബുക്ക്, കാഷ് ബുക്ക്, ബാങ്ക് ബുക്ക് എന്നിവ ദൈനംദിനം പ്രിന്റ് എടുത്ത് സൂക്ഷിക്കുന്നുണ്ട്. പ്രതിമാസ നീക്കിയിരിപ്പുകളുടെ പൊരുത്തപ്പെടുത്തൽ നടത്തുന്നുണ്ട്. ചെലവ് വൗച്ചറുകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തുന്നുണ്ട്. വരവിനങ്ങളുടെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് തൃപ്തികരമാണ്. ഫ്രണ്ട് ഓഫീസ് ഡ്യൂട്ടി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട്. രസീത് ബുക്കുകൾക്ക് രജിസ്റ്റർ പരിപാലിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.12.2018 മുതൽ 19.12.2018 വരെ | 2006-07 മുതൽ 2017-18 വരെ | എൽ.ബി.എ (എച്ച്.ക്യൂ)II/I/ 8എ-158/018 തീയതി 21.01.2019 |
| പെർഫോർമൻസ് ഓഡിറ്റ് | 27.06.2022 | 7/2021 മുതൽ 12/2021 വരെ | 27.06.2022 |

## 1-11 വസ്തു നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങൾക്ക് നികുതിയിളവ് നൽകിയിരിക്കുന്നു.

1994 കേരള പഞ്ചായത്ത് രാജ് ആക്ട് 207 വകുപ്പ് പ്രകാരം ആരാധനാലയങ്ങൾ, ഹയർ സെക്കന്ററി തലം വരെയുള്ള വിദ്യാലയങ്ങൾ, അവയോട് ചേർന്നുള്ള ഹോസ്റ്റലുകൾ, സൗജന്യ ചികിത്സ ലഭിക്കുന്ന ആതുരാലയങ്ങൾ, അഗതി മന്ദിരങ്ങൾ, വായന ശാലകൾ, പ്രാചീന സ്മാരകങ്ങൾ, ശവം അടക്കുകയോ ദഹിപ്പിക്കുകയോ ചെയ്യുന്ന സ്ഥലങ്ങൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വക കെട്ടിടങ്ങൾ, അറുപത് ച. മീറ്ററിൽ കുറവുള്ള വാസ ഗൃഹങ്ങൾ, സർക്കാർ ക്ഷേമ പ്രവർത്തനങ്ങളുടെ ഭാഗമായി സൗജന്യമായി നിർമ്മിച്ച് കൊടുത്തിട്ടുള്ള വാസ ഗൃഹങ്ങൾ എന്നീ ഇനങ്ങളിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്കാണ് വസ്തു നികുതി ഇളവിന് അർഹതയുള്ളത്. എന്നാൽ പ്രസ്തുത ഗണത്തിൽ ഉൾപ്പെടാത്ത താഴെ പറയുന്ന കെട്ടിടങ്ങളെ സഞ്ചയയിൽ 'നികുതി, ഉപ നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ' എന്ന ഗണത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | വിസ്തീർണ്ണം(ച.മീ) |
|---|---|---|---|
| 1 | 6/69 | ഒലായം കോളനി സാംസ്കാരിക നിലയം | 41.8 |
| 2 | 7/106 | എ.ഇ , കെ എസ് ഇ ബി 110 കെ വി സബ് സ്റ്റേഷൻ | 8.75 |
| 3 | 12/211 | സെക്രട്ടറി | 15 |

| | | | |
|---|---|---|---|
| | | സരിക ആർട്സ് ക്ലബ് | |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/14.12.22) മറുപടിയായി ക്രമ നം. 1 കെട്ടിടം പഞ്ചായത്ത് ഉടമസ്ഥതയിലുള്ളതാണെന്നും ഉടമയുടെ പേര് തെറ്റായി ചേർത്തിട്ടുള്ളതാണെന്നും അറിയിച്ചു. ക്രമ നം. 3 കെട്ടിടം നിലവിൽ പൊതുജനങ്ങൾ സൗജന്യമായി ഉപയോഗിക്കുന്ന വായനശാല കെട്ടിടമാണെന്നും മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്. ക്രമ നം. 2 കെട്ടിടം 2011 ലെ വസ്തുനികുതി നിർണ്ണയ സമയത്ത് വിവര ശേഖരണത്തിൽ പറ്റിയ പിഴവ് മൂലമാണ് നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ലിസ്റ്റിൽ ഉൾപെട്ടതെന്നും ടി തെറ്റ് തിരുത്തി നികുതി നിർണയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. സഞ്ചയ, വസ്തുനികുതി നിർണ്ണയ രജിസ്റ്റർ എന്നിവയിൽ കെട്ടിടങ്ങൾ സംബന്ധിച്ച രേഖപ്പെടുത്തലുകളിൽ വേണ്ട മാറ്റങ്ങൾ വരുത്തുകയും ഈടാക്കുവാനുള്ള നികുതി കുടിശ്ശിക സഹിതം ഈടാക്കി ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ് .

## 1-12 സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖലയുടെയും വ്യത്യസ്ത വഴി സൗകര്യത്തിന്റെയും അടിസ്ഥാനത്തിൽ വസ്തു നികുതി നിർണ്ണയം നടത്തിയിരിക്കുന്നു

വസ്തു നികുതി നിർണ്ണയിക്കുന്നതിനായി 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 1 പ്രകാരം ഗ്രാമ പഞ്ചായത്തിനെ പ്രഥമം, ദ്വിതീയം (കെട്ടിടങ്ങൾക്ക് 10 % നികുതി ഇളവ്), ത്രിതീയം (കെട്ടിടങ്ങൾക്ക് 20 % നികുതി ഇളവ്) എന്നീ മേഖലകളായും പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ(20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നും തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. ഗ്രാമ പഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയം സംബന്ധിച്ച രേഖകളും സഞ്ചയ സോഫ്റ്റ്‌വെയറിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകളും പരിശോധിച്ചതിൽ ഒരേ വ്യക്തികളുടെ പേരിലുള്ള സമീപകെട്ടിടങ്ങൾക്ക് വ്യത്യസ്ത മേഖല അടിസ്ഥാനത്തിലും വ്യത്യസ്ത വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലും വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ ) | വഴി സൗകര്യം | മേഖല |
|---|---|---|---|---|
| തൊമ്മൻ സ്കറിയ | 1/39A | 294.84 (വ്യവസായ ആവശ്യം) | 1.5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം | തൃതീയം |
| | 1/39B | 48.35 (പാർപ്പിടാവശ്യം ) | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം | ദ്വിതീയം |

| | | | | |
|---|---|---|---|---|
| നീതു വി ആർ | 1/63 | 34 | 1.5 മീറ്ററോ അതിൽ കുറവോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം | തൃതീയം |
| | 1/63A | 157.39 | 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശനം | ദ്വിതീയം |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/14.12.22) മറുപടിയായി എൻക്വയറിയിൽ പരാമർശിച്ചിട്ടുള്ള കെട്ടിടങ്ങളിലേക്കുള്ള റോഡുകളുടെ യഥാർത്ഥ വീതി തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളതെന്നും 1/63 നമ്പർ കെട്ടിടം പൊളിച്ച് കളഞ്ഞാണ് 1/63 എ നമ്പർ കെട്ടിടം പണിതിട്ടുള്ളതെന്നും ആയതിനാൽ 1/63 നമ്പർ കെട്ടിടത്തെ വസ്തു നികുതി നിർണ്ണയ രജിസ്റ്ററിൽ നിന്നും ഒഴിവാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ കെട്ടിടങ്ങളെ വ്യത്യസ്ത മേഖലകളിൽ ഉൾപ്പെടുത്തിയത് സംബന്ധിച്ച് മറുപടിയിൽ പരാമർശമില്ല. സമാന സ്വഭാവമുള്ള മറ്റ് കെട്ടിടങ്ങൾ കൂടി സ്ഥല പരിശോധന നടത്തി അപാകതകൾ ഉണ്ടെങ്കിൽ കണ്ടെത്തി വസ്തുനികുതി പുനർനിർണ്ണയിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ് .

1-13 ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപ നികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം 6 പട്ടിക 2 പ്രകാരം കെട്ടിടത്തിലേക്കുള്ള വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ 5 മീറ്ററോ അതിൽ കൂടുതലോ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾ (20 % നികുതി വർദ്ധനവ്), 1.5 മീറ്ററോ അതിൽ കുറവോ വഴി സൗകര്യമുള്ള കെട്ടിടങ്ങൾ (10 % നികുതി ഇളവ്) പൊതു വഴി സൗകര്യം ഇല്ലാത്ത കെട്ടിടങ്ങൾ (20 % നികുതി ഇളവ്) എന്നിങ്ങനെ തരം തിരിച്ചിട്ടുണ്ട്. 1.5 മീറ്റർ മുതൽ 5 മീറ്റർ വരെ വീതിയുള്ള റോഡിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് നികുതി വർദ്ധനവോ ഇളവോ ഇല്ല. വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് സഞ്ചയയിൽ നിന്ന് ലഭ്യമായ ഫോം-6 സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതിൽ ഒരേ റോഡ് തന്നെ വിവിധ രീതികളിൽ വിവിധ കെട്ടിടങ്ങളുടെ വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്നതായി കാണുന്നു. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥൻ | റോഡിന്റെ പേര് | പ്രസ്തുത റോഡ് വസ്തു നികുതി നിർണ്ണയത്തിനായി പരിഗണിച്ചിരിക്കുന്ന തരം (ഫോം- 6 പ്രകാരം) |
|---|---|---|---|---|
| 1 | 3/121 A | മനോഹരൻ കെ ബി | തെള്ളിയാമറ്റം - കടുവാമുഴി | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

| | | | | |
|---|---|---|---|---|
| 2 | 3/123 A | വിശ്വനാഥൻ നായർ | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 3 | 3/270 | ബിനു കെ യു | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 4 | 4/304 A | ഹലീൽ മൗലവി | ഇടകിളമറ്റം – മാതാക്കൽ | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 5 | 4/307B | കെ എം ഹാമിൻ | | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 6 | 4/318A | നിയാസ് കെ എ | | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 7 | 6/267B | കെ.ഗോപാലകൃഷ്ണണൻ നായർ | ഇഞ്ചോലിക്കാവ് – ഓലായം | 1.5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |
| 8 | 6/286A | ബൈജു ഡി | | 5 മീറ്ററിൽ കൂടുതൽ വീതിയുള്ള റോഡ് |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/14.12.22) മറുപടിയായി റോഡുകളുടെ ശരിയായ വീതി തന്നെയാണ് നല്കിയിരിക്കുന്നതെന്നും റോഡുകളുടെ പേരുകൾ രേഖപ്പെടുത്തിയതിൽ പിഴവ് സംഭവിച്ചിട്ടുള്ളതാണെന്നും അറിയിച്ചിട്ടുണ്ട്. കെട്ടിടങ്ങളുടെ പ്യൂരിഫിക്കേഷൻ പ്രോസസ്സ് ചെയ്യുന്നത്തിനായി സഞ്ചയ അൺലോക്ക് ചെയ്യുന്ന സമയത്ത് ആവശ്യമായ തിരുത്തലുകൾ വരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്തിലെ റോഡ് മാസ്റ്റർ കാലികമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. സമാന രീതിയിൽ ഒരേ റോഡ് തന്നെ വ്യത്യസ്ത തരത്തിൽ നികുതി നിർണ്ണയത്തിനായി പരിഗണിച്ചിട്ടുള്ള മറ്റ് കേസുകൾ കൂടി പരിശോധിച്ച് വസ്തു നികുതി നിർണ്ണയിച്ചതിലെ അപാകത മൂലം നികുതിയിനത്തിൽ തനതു ഫണ്ടിന് നഷ്ടം സംഭവിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 1-14 ഒരേ കെട്ടിടത്തിന്റെ വിവിധ മുറികൾക്ക് വ്യത്യസ്ത നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം

പഞ്ചായത്തിലെ സഞ്ചയ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പറുകൾ നല്കി വസ്തു നികുതി നിർണ്ണയിച്ചതു മൂലം നികുതിയിനത്തിൽ നഷ്ടം സംഭവിച്ചതായി കാണുന്നു. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4 -ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. എന്നാൽ പഞ്ചായത്തിൽ ഒരേ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിനായി മാത്രം ഉപയോഗിക്കുന്ന 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് ഓരോ ഭാഗത്തിനും വിവിധ നമ്പറുകൾ നല്കി, ഒരു ച.മീറ്ററിന് 40 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിലെ വിജ്ഞാപന പ്രകാരം 100 ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കടമുറികൾക്ക് 60 രൂപ നിരക്കിലാണ് നികുതി നിർണ്ണയിക്കേണ്ടത്. വസ്തുനികുതി ഇപ്രകാരം കണക്കാക്കിയതു മൂലം നഷ്ടം വന്നതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമയുടെ പേര് | കെട്ടിട നമ്പർ | വിസ്തീർണ്ണം (ച.മീ) | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി (60 രൂപ/ ച.മി) | | | | നിർണ്ണയിച്ച അടിസ്ഥാന നികുതി (40 രൂപ/ ച.മി) | കുറവ് (സെസ്, സർവ്വീസ് ചാർജ്ജ് |
|---|---|---|---|---|---|---|---|---|
| | | | അടിസ്ഥാന വസ്തു | വർദ്ധനവ് (വഴി സൗകര്യം-20%) | കുറവ് (ദ്വിതീയ | ആകെ | | |

| | | | നികുതി (രൂപ) | | മേഖല -10%) | | | ഉൾപ്പെട്ട ത്താതെ) |
|---|---|---|---|---|---|---|---|---|
| റ്റോമി തോമസ് പുളിയ്ക്കൽ | 3/226 A (65.74 ച.മീ), 3/226 B (34.46 ച.മീ), 3/226 C (30.75 ച.മീ), 3/226 D (21.7 ച.മീ), 3/226 E (13.8 ച.മീ), 3/226 F (13.8 ച.മീ), 3/226 G (24.18ച.മീ), 3/226 H (36.88ച. മീ) | 241.31 ച.മീ | 14,478.60 | 2,896 | 1448 | 15926.60 | 8955 | 6971.60 |

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/14.12.22) മറുപടിയായി ടിയാന്റെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 100 ചതുരശ്ര മീറ്ററിൽ കൂടുതൽ വരുന്ന വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 60 രൂപ/ച.മീ. നിരക്കിൽ വസ്തുനികുതി പുനർ നിർണ്ണയിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ് .

## 1-15 റേഷൻ കടകൾ, അക്ഷയ കേന്ദ്രങ്ങൾ എന്നിവയിലെ ജീവനക്കാരുടെയും, കരാറുകാരുടെയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ് പ്രകാരം ഒരു പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കരാറുകാർ, റേഷൻ കടകൾ, അക്ഷയ കേന്ദ്രങ്ങൾ എന്നിവിടങ്ങളിലെ ജീവനക്കാർ എന്നിവരിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി 2021-22 വർഷം ഈടാക്കിയിട്ടില്ല. മേൽ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 എഫ്.ടി.ഇ ആൻഡ് ഓ.എസ് ലൈസെൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 204, 1996 ലെ കേരളം പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം 4 എന്നിവ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പല ഘട്ടങ്ങളായോ 60 ദിവസമെങ്കിലും ജോലി/തൊഴിൽ ചെയ്തിട്ടുള്ള ഓരോ വ്യക്തിയും തൊഴിൽ നികുതി അടയ്ക്കുവാൻ ബാധ്യസ്ഥനാണ്. എന്നാൽ തലപ്പലം ഗ്രാമ പഞ്ചായത്തിൽ ലൈസൻസ് എടുത്ത താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എണ്ണം ലൈസൻസിനുള്ള അപേക്ഷയിൽ സ്ഥാപന ഉടമ തന്നെ സാക്ഷ്യപ്പെടുത്തിയിട്ടുണ്ടെങ്കിലും ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കുവാനാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ്

നൽകുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല .

| ക്രമ നം. | ഉടമ / സ്ഥാപനം | കെട്ടിട നം. | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | കെ കെ എഫ് എം ഇന്ത്യ പ്രൈ. ലിമിറ്റഡ് മുഹമ്മദ് യാസിർ | 4/153C | 15 |
| 2 | പി ആർ ബി ടിംബേർസ് ആൻഡ് സോമിൽ പി ബി സതീഷ്കുമാർ | 10/318 | 8 |
| 3 | അമൃതം ഫുഡ് മിക്സ് യൂണിറ്റ് | 9/338 | 8 |
| 4 | അൽഫോൻസാ ഹോളോ ബ്രിക്സ് കെ എ ഷാജി | 7/437 | 8 |
| 5 | ഹന ക്രിയേഷൻസ് ബിസ്മി പി കെ | 5/72B | 8 |
| 6 | വസ്ത്ര ടെയിലറിങ് ആൻഡ് ബ്യൂട്ടിക്ക് മിനി ജയൻ | 9/279 | 7 |
| 7 | അമ്മൂസ് ലീല വിജയൻ | 6/190 | 6 |
| 8 | റോയൽ ഡിസൈനർ ടൈൽസ് സിജു ഫിലിപ്പ് | 12/126 | 6 |
| 9 | അജവാ ഫുഡ് പാർക്ക് ഷിഹാബുദീൻ വി ഐ | 7/351B | 6 |
| 10 | കല്ലുംതലക്കൽ ഫ്യൂവൽസ് ബിനോയ് ജോസഫ് | 10/9 | 5 |
| 11 | മണ്ണൂരെട്ടോന്നിൽ ഫ്യൂവൽസ് സന്തോഷ് എം ഫിലിപ് | 8/4A | 5 |
| 12 | ഭാരത് ഹയറിങ് എക്വിപ്മെന്റ്സ് സുനിൽകുമാർ | 3/103 | 5 |
| 13 | ടി എസ് എം മെറ്റൽസ് മുഹമ്മദ് മുനാസ് | 4/190B | 5 |
| 14 | സെന്റ് മേരീസ് ഇൻഡസ്ട്രീസ് എ വി ജോസഫ് | 8/155 | 4 |
| 15 | പി ആർ ബി ടിംബർ ഡിപ്പോ പി ബി സതീഷ്കുമാർ | 10/319 | 4 |
| 16 | വി എം തരിയത്ത് ആൻഡ് | 4/190A | 4 |

| | | | |
|---|---|---|---|
| | കമ്പനി<br>മാത്യൂ ജോസ് | | |
| 17 | ഹോട്ടൽ ഫുഡ്ലാൻഡ്<br>ജോമി ജെയിംസ് | 4/85F | 4 |
| 18 | പി ആൻഡ് ഡി ട്രേഡേഴ്സ്<br>പ്രശാന്ത് പി ജോസഫ് | 7/448<br>R4 | 4 |

12.12.2022 ൽ നൽകിയ എൻക്വയറി നം.01 ന് മറുപടിയായി മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിനായി തൊഴിലുടമയോട് റിട്ടേൺ സമർപ്പിക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് 13.12.2022 തീയതിയിൽ നോട്ടീസ് നൽകിയിട്ടുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-17 ലൈവ് സ്റ്റോക്ക് ഫാമുകൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

സഞ്ചയ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് പഞ്ചായത്ത് പരിധിയിലെ വിവിധ കെട്ടിടങ്ങളുടെ ഉപയോഗക്രമം പരിശോധിച്ചതിൽ ലൈവ് സ്റ്റോക്ക് ഫാം രജിസ്ട്രേഷൻ എടുക്കാതെ ചുവടെ ചേർത്തിട്ടുള്ള ഫാമുകൾ 2021-22 വർഷത്തിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചിട്ടുള്ളതായി കാണുന്നു.

| ക്രമ നം. | ഉടമ | കെട്ടിട നം. | ഉപയോഗ ക്രമം |
|---|---|---|---|
| 1 | തൊമ്മൻ സ്കറിയ | 1/39A | കോഴി വളർത്തൽ ഷെഡ് |
| 2 | ടോമി തോമസ് | 1/199 | കോഴി വളർത്തൽ ഷെഡ് |
| 3 | ജോയ് മാത്യു | 1/237A | ലൈവ് സ്റ്റോക്ക് ഷെഡ് |
| 4 | ഡൊമിനിക് ചിറയത്ത് | 2/113 | കോഴി വളർത്തൽ ഷെഡ് |
| 5 | റോയ് മാത്യു കുടക്കച്ചിറ | 2/233A | കോഴി വളർത്തൽ ഷെഡ് |
| 6 | ഓമന സുരേന്ദ്രൻ | 2/238 | കോഴി വളർത്തൽ ഷെഡ് |
| 7 | പി കെ ജോർജ് അധികാരം | 4/175 | ലൈവ് സ്റ്റോക്ക് ഷെഡ് |
| 8 | ജസ്റ്റിൻ സെബാസ്റ്റ്യൻ | 9/107A | കോഴി വളർത്തൽ ഷെഡ് |
| 9 | ഫാൻസി ജോസഫ് വാഴംപ്ലാക്കൽ | 13/54A | കോഴി വളർത്തൽ ഷെഡ് |
| 10 | ബിനോയ് ജോസഫ് | 10/242B | കോഴി വളർത്തൽ ഷെഡ് |

മേൽ പട്ടികയിലെ ഫാമുകൾ 2021-22 സാമ്പത്തിക വർഷം ലൈസൻസ് എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.02/12.12.2022) മറുപടി ലഭ്യമാക്കിയില്ല. മേൽ സ്ഥാപനങ്ങൾ ലൈസൻസോട് കൂടി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുവാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 പാരാമെഡിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷൻ ഇല്ലാതെ പ്രവർത്തിക്കുന്നു

1996ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരം സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ, ലാബുകൾ മുതലായവയുടെ നടത്തിപ്പിന് പഞ്ചായത്തിൽ നിന്നുള്ള ലൈസൻസും 1997ലെ കേരള പഞ്ചായത്ത് രാജ് (പ്രൈവറ്റ് ഹോസ്പിറ്റലുകളുടെയും പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം പ്രസ്തുത സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷനും നിർബന്ധമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന പാരാ മെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ഡീറ്റയിൽസ് രേഖപ്പെടുത്തിയിട്ടുള്ള രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ പ്രകാരം വളരെ കുറച്ച് സ്ഥാപനങ്ങൾ മാത്രമാണ് പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടുള്ളത്. ചുവടെ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2021-22 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല .

| ക്രമ നം. | സ്ഥാപനം | ഉടമ |
|---|---|---|
| 1 | സെൻറ് മേരീസ് ഡയഗ്നോസ്റ്റിക് സെന്റർ പ്ലാശനാൽ | സുമി ടോം |
| 2 | മരിയൻ ഹോമിയോ ക്ലിനിക് കളത്തുക്കടവ് | ഡോ. ഐവിൻ സുനിൽ |
| 3 | അൽഫോൻസാ ഹോമിയോ ക്ലിനിക് മേലമ്പാറ | ഡോ. ഡാന്റീസ് കെ മാത്യു |
| 4 | കെ എൻ ജെ തിരുമ്മുചികിത്സാലയം പ്ലാശനാൽ | - |
| 5 | അർജ്ജുന കളരി തിരുമ്മുകേന്ദ്രം തെള്ളിയാമറ്റം | - |
| 6 | വാചസ്പതീസ് ആയുർവേദ മർമ്മ ചികിത്സ കേന്ദ്രം | - |

ഗ്രാമ പഞ്ചായത്തിൽ മുൻകൂർ രജിസ്റ്റർ ചെയ്യാതെ യാതൊരു പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിപ്പിക്കാൻ പാടില്ലായെന്ന് മേൽപ്പറഞ്ഞ ചട്ടങ്ങളിലെ ചട്ടം 3(1)-ൽ നിഷ്കർഷിച്ചിട്ടുള്ളതാണ്. രജിസ്ട്രേഷനില്ലാതെയും നിയമവിരുദ്ധമായി പ്രവർത്തിക്കുകയും ചെയ്യുന്ന പ്രൈവറ്റ് ഹോസ്പിറ്റലുകൾ പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും ചട്ടം 8 - പ്രകാരം 5000 രൂപ വരെ പിഴ ഈടാക്കാവുന്നതും നിയമ വിരുദ്ധ പ്രവർത്തനങ്ങൾ തുടരുന്ന പക്ഷം ഓരോ ദിവസത്തേക്കും 500 രൂപ നിരക്കിൽ അധിക പിഴ ഈടാക്കാവുന്നതുമാണ്.

പട്ടികയിൽ ചേർത്തിരിക്കുന്ന സ്ഥാപനങ്ങൾ 2021-22 വർഷം പാരാമെഡിക്കൽ രെജിസ്ട്രേഷൻ എടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും (നം. 03/12.12.2022) മറുപടി ലഭ്യമായില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ വേണ്ട നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-19 പെറ്റി വർക്ക് സംബന്ധിച്ച രേഖകൾ ലഭ്യമായിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

2021-22 സാമ്പത്തിക വർഷം താഴെ പറയുന്ന വൗച്ചർ പ്രകാരം പെറ്റി വർക്ക് നടത്തുന്നതിനായി തുക കൈമാറിയിട്ടുണ്ട്.

| ക്രമ നമ്പർ | വൗച്ചർ വിശദാംശങ്ങൾ | തുക (രൂ) | ഇനം |
|---|---|---|---|
| 1 | 22100471 തീയതി 15.03.2022 | 5000 | X-ാം വാർഡിൽ പൊതുകിണറിന്റെ ഭിത്തി നിർമ്മാണം |

എന്നാൽ പ്രസ്തുത പ്രവർത്തിയുടെ എസ്റ്റിമേറ്റ് മാത്രമാണ് പരിശോധനക്ക് ഹാജരാക്കിയിട്ടുള്ളത്. മറ്റ് രേഖകൾ അടിയന്തിരമായി പരിശോധനക്ക് ഹാജരാക്കുവാൻ നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (22/15.12.2022) അനുബന്ധ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. 5000/- രൂപയോ അതിൽ താഴെയോ ഉള്ള നിർമ്മാണ പ്രവൃത്തികൾ നടത്തുമ്പോൾ എസ്റ്റിമേറ്റിനോടൊപ്പം മസ്റ്റർ റോൾ, സാധനങ്ങൾ വാങ്ങിയതിന്റെ ബില്ലുകൾ മുതലായവ വൗച്ചറുകളോടൊപ്പം സൂക്ഷിക്കേണ്ടതാണ്. രേഖകൾ ഹാജരാക്കുന്നതുവരെ 5000/- രൂപയുടെ ചെലവ്

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 വിനിയോഗ സാക്ഷ്യപത്രം/കൈപ്പറ്റ് വിവരങ്ങൾ ലഭ്യമായിട്ടില്ല - ചെലവ് തടസ്സപ്പെടുത്തുന്നു

2021-22 സാമ്പത്തിക വർഷം സർക്കാർ ഉത്തരവ് അനുസരിച്ച് താഴെ പറയുന്ന വൗച്ചർ പ്രകാരം നൽകിയ തുകയുടെ വിനിയോഗ വിവരങ്ങൾ/കൈപ്പറ്റ് വിവരങ്ങൾ ലഭ്യമായിട്ടില്ല.

| ക്രമ നമ്പർ | വൗച്ചർ വിശദാംശങ്ങൾ | തുക (രൂ) | ഇനം | സർക്കാർ ഉത്തരവ് | തുക നൽകിയത് |
|---|---|---|---|---|---|
| 1 | 22100401 തീയതി 15.02.2022 | 7500 | തദ്ദേശ സ്വയംഭരണ ദിനാഘോഷം | സ ഉ (സാധാ) നം. 296/2022 /തസ്വഭവ തീ. 09.02.2022 | പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് |

മേൽ ചെലവുകളുടെ വിനിയോഗ വിവരങ്ങൾ/കൈപ്പറ്റ് വിവരങ്ങൾ ഹാജരാക്കുന്നതിനു നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (23/15.12.2022) കൈപ്പറ്റ് വിവരങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്. വിനിയോഗ വിവരങ്ങൾ/കൈപ്പറ്റ് വിവരങ്ങൾ ലഭ്യമാകുന്നതുവരെ 7500/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-21 വാഹനത്തിന്റെ ലോഗ് ബുക്ക് പരിപാലനത്തിലെ അപാകതകൾ

സർക്കുലർ നം. 41/2008/ധനം തീയതി 02.08.2008 പ്രകാരം ഓഫീസ് വാഹനങ്ങളുടെ പരിപാലനത്തിനുള്ള നിർദ്ദേശത്തിൽ വാഹനത്തിന്റെ ഇന്ധനക്ഷമതാ ടെസ്റ്റ് എല്ലാ വർഷവും കൃത്യ സമയത്ത് നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിരിക്കേണ്ടതുമാണ്. ഇന്ധനത്തേയും അറ്റകുറ്റപ്പണികളേയും സംബന്ധിച്ച വിവരങ്ങൾ ലോഗ്ബുക്കിൽ യഥാസമയം രേഖപ്പെടുത്തേണ്ടതാണ്. ഓരോ മാസത്തേയും ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പ് ലോഗ്ബുക്കിൽ അതാത് മാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ വാഹനത്തിന്റെ ലോഗ്ബുക്ക് പരിശോധിച്ചതിൽ മേൽപ്പറഞ്ഞവ രേഖപ്പെടുത്തിയതായി കാണുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (26/16.12.2022) 02.12.2022 ൽ ഇന്ധനക്ഷമതാ ടെസ്റ്റിനായി അസിസ്റ്റന്റ് എഞ്ചിനീയർ, പി ഡബ്ല്യു ഡി മെക്കാനിക്കൽ ഡിവിഷന് കത്ത് നൽകിയിട്ടുണ്ടെന്നും ഇന്ധന ഉപഭോഗം, സഞ്ചരിച്ച ദൂരം എന്നിവ സംബന്ധിച്ച രേഖപ്പെടുത്തലുകൾ വരുത്തുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. സർക്കുലർ പ്രകാരമുള്ള നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

1-22 ഇ ടെണ്ടർ ഫീ തിരികെ ലഭിച്ചിട്ടില്ല.

തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഇ ടെണ്ടർ വഴിയാണ് നടപ്പാക്കിയത്.

| പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ടെണ്ടർ ഫീ | ടെണ്ടർ സമർപ്പിച്ച കരാറുകാരുടെ എണ്ണം | തുക |
|---|---|---|---|---|---|
| 40/22 | കീഴമ്പാറ | 645883 | 1300 | 1 | 1300 |

| | | | | | |
|---|---|---|---|---|---|
| | ചൂണ്ടച്ചേരി റോഡ് റീ ടാറിംഗ് | | | | |
| 42/22 | പ്ലാശനാൽ പേരുപ്പാറ കാളകെട്ടി റോഡ് റീ ടാറിംഗും ഐറിഷ് ഡ്രയിൻ നിർമ്മാണവും | 610380 | 1220 | 2 | 2440 |
| 55/22 | വിവിധ ഗവൺമെന്റ് എൽ പി സ്കൂളുകളുടെ മെയിന്റനൻസ് | 750000 | 1500 | 1 | 1500 |
| 97/22 | ടേക്ക് എ ബ്രേക്ക് പൊതു ശൗചാലയം നിർമ്മാണം | 1600000 | 2500 | 1 | 2500 |
| | ആകെ | | | | 7740 |

ഇ ടെണ്ടർ വഴി നടപ്പാക്കിയ മേൽ പ്രവൃത്തികളുടെ ടെണ്ടർ ഫീ, LID&EW വിഭാഗം എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിലാണ് ക്രഡിറ്റ് ചെയ്യപ്പെട്ടിട്ടുള്ളത്. എന്നാൽ ടെണ്ടർ ഫീ പഞ്ചായത്തിന് തിരികെ ലഭിക്കേണ്ടതാണ്. ടെണ്ടർ ഫീ തിരികെ ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (11/13.12.2022) മറുപടി ലഭ്യമാക്കിയതിൽ ടെണ്ടർ ഫീ അസി.എഞ്ചിനീയറുടെ അക്കൗണ്ടിൽ തിരികെ ലഭിച്ചിട്ടുണ്ടെന്ന് അറിയിച്ചു. ടി തുക തനത് ഫണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത് ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-23 ബെയിലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കൽ- യാഥാർത്ഥ്യമായിട്ടില്ല.

പ്രോജക്ട് നം. 83/22

അടങ്കൽ- 570000 രൂപ ( 147000- ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 399000- കേന്ദ്രാവിഷ്കൃത ഫണ്ട് + 24000- തനത് ഫണ്ട് )

ചെലവ്- 556500 രൂപ ( 147000- ധനകാര്യ കമ്മീഷൻ ഗ്രാന്റ് + 399000- കേന്ദ്രാവിഷ്കൃത ഫണ്ട് + 10500- തനത് ഫണ്ട് )

നിർവ്വഹണോദ്യോഗസ്ഥൻ- ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ ഏറ്റെടുത്ത മേൽ പ്രോജക്ട് പ്രകാരം ബെയിലിംഗ് മെഷീൻ വാങ്ങി സ്ഥാപിക്കുന്നതിനായി 556500 രൂപ ക്ലീൻ കേരള കമ്പനിക്ക് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ ബെയിലിംഗ് മെഷീൻ സ്ഥാപിച്ചതായി കാണുന്നില്ല. തുക നൽകിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| നൽകിയ | വൗച്ചർ നം/ ചെക്ക് നം/ | ഫണ്ടിനം |
|---|---|---|

| | | |
|---|---|---|
| തുക | തീയതി | |
| 147000 | XVFC/21-22/P/7/ 24.3.22 | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| 399000 | ചെക്ക് നം. 915458/ 31.3.22 | കേന്ദ്രാവിഷ്കൃത ഫണ്ട് |
| 10500 | ചെക്ക് നം. 915458/ 31.3.22 | തനത് ഫണ്ട് |
| 556500 | | |

ബെയിലിംഗ് മെഷീൻ സ്ഥാപിക്കാത്തതിനുള്ള കാരണം ഓഡിറ്റിൽ വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ 24/16.12.22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ബെയിലിംഗ് മെഷീൻ സ്ഥാപിച്ച് വിവരം അറിയിക്കുന്നത് വരെ ക്ലീൻ കേരള കമ്പനിക്ക് നൽകിയ 556500 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-24 മടപ്പാംതോട് ചാമപ്പാറ റോഡ് പുനരുദ്ധാരണം- അപാകതകൾ.

പ്രോജക്ട് നം. 95/22
അടങ്കൽ- 270000 രൂപ (മെയിന്റനൻസ് ഫണ്ട് റോഡ് )
ചെലവ്- 269711 രൂപ ( ബിൽ നം. 15/ 21-22/9.2.2022 )
നിർവ്വഹണോദ്യോഗസ്ഥൻ- അസിസ്റ്റന്റ് എൻജിനീയർ

ഗ്രാമ പഞ്ചായത്തിന്റെ 10-ാം വാർഡിൽ ഉൾപ്പെട്ട മേൽ റോഡിൽ കലുങ്ക് നിർമ്മിക്കുന്നതിനും അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുമാണ് പ്രോജക്ട് ഏറ്റെടുത്തത്. എസ്റ്റിമേറ്റിലെ അപ്പൻഡിക്സ് 1 പ്രകാരം കലുങ്ക് നിർമ്മാണവും അപ്പൻഡിക്സ് 2 പ്രകാരം അപ്രോച്ച് റോഡ് നിർമ്മാണവുമാണ് ഉൾപ്പെടുത്തിയിരുന്നത്. നിർവ്വഹണസമയത്ത് തോട്ടിൽ നീരൊഴുക്ക് കൂടിയതിനാൽ കലുങ്കിന്റെ സ്പാൻ, അബട്ടമെന്റിന്റെ നീളം വീതി എന്നിവ കൂട്ടേണ്ടി വന്നതിനാൽ അപ്രോച്ച് റോഡ് ഒഴിവാക്കി റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങി പ്രവൃത്തി നിർവ്വഹിച്ചതായി കാണുന്നു. എം ബുക്കിൽ അളവുകൾ രേഖപ്പെടുത്തി ബിൽ തയ്യാറാക്കി കരാറുകാരന് തുക നൽകി. എന്നാൽ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് തൻവർഷം പ്രോജക്ട് ഏറ്റെടുത്തതായി കാണുന്നില്ല.

അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർ പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 10/13.12.22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് 2022-23 ൽ പ്രോജക്ട് ഏറ്റെടുത്തിട്ടുണ്ട് എന്ന് അറിയിച്ചു. അപ്രോച്ച് റോഡ് നിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നത് വരെ 269711 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25 ഗുണഭോക്തൃസമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും അധികമായി ഉൾപ്പെടുത്തിയ ഓവർഹെഡ് ചാർജ് കുറവ് ചെയ്തില്ല.

തലപ്പുലം ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയ ഡാറ്റ ഉപയോഗിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. വേലമൂല്യത്തിൽ നിന്നും നികുതിവിഹിതങ്ങൾ കുറവ് ചെയ്യുമ്പോൾ കൺവീനർക്ക് നഷ്ടം വരാതിരിക്കാനാണ് 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത്. 1.7.2017 മുതൽ വാറ്റ് നിർത്തലാക്കിയിട്ടുള്ളതിനാൽ ഗുണഭോക്തൃസമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായനികുതി 2% നിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം 1% എന്നിവ മാത്രമാണ് റിക്കവറി നടത്തിയിട്ടുള്ളത്. ഇത്തരം സന്ദർഭങ്ങളിൽ ബില്ലിൽ നിന്നും വേലമൂല്യത്തിന്റെ 5% തുക കുറവ് ചെയ്യണം എന്ന് 16.3.2018 ലെ DB3- 9058/17/CE/LSGDനമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്തൃസമിതി നിർവ്വഹിച്ച താഴെ പറയുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്നും വേലമൂല്യത്തിന്റെ 5%

തുക കുറവ് ചെയ്തതായി കാണുന്നില്ല.

| ക്രമനം | പ്രോജക്ട് നം/ പേര് | കൺവീനർ | വേലമൂല്യം/ ചെലവ് | കൺവീനർക്ക് നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | 98/22 അഞ്ഞൂറ്റിമംഗലം വാർഡിൽ കാളകെട്ടി ക്ലബ് ഭാഗത്ത് വെയിറ്റിംഗ് ഷെൽട്ടർ നിർമ്മാണം | ബിജു മാത്യു, വടക്കേകുറ്റിയാനിക്കൽ. | 32759 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) ബിൽ നം. 11/21-22 / 6.1.22 | 31776 | 1523 |
| 2 | 99/22 അഞ്ഞൂറ്റിമംഗലം വാർഡിൽ അഞ്ഞൂറ്റിമംഗലം-അതിരുപാറ റോഡ് ജംഗ്ഷനിൽ വെയിറ്റിംഗ് ഷെൽട്ടർ നിർമ്മാണം | അനിൽ മോൻ എം. കെ മണ്ണാന്ത്രമാലിൽ, അഞ്ഞൂറ്റിമംഗലം | 32759 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) ബിൽ നം. 9/21-22 / 6.1.22 | 31776 | 1523 |
| 3 | 100/22 അഞ്ഞൂറ്റിമംഗലം വാർഡിൽ വലിയകാവുംപുറം ജംഗ്ഷനിൽ വെയിറ്റിംഗ് ഷെൽട്ടർ നിർമ്മാണം | ജോസഫ് കെ. ഡി, കൊട്ടാരത്തിൽ. | 32759 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) ബിൽ നം. 10/21-22 / 6.1.22 | 31776 | 1523 |
| | ആകെ | | | | 4569 |

ഗുണഭോക്തൃസമിതി വഴി നിർവ്വഹിച്ച മേൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഓവർഹെഡ് ചാർജ് ഇനത്തിൽ അധികം കണക്കാക്കിയ (വേലമൂല്യത്തിന്റെ 5%) തുക കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 4/12.12.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ കൺവീനർമാർക്ക് അധികം നൽകിയ തുക ഈടാക്കുന്നതിന് കത്ത് നൽകുന്നതാണ് എന്ന് അറിയിച്ചു. കൺവീനർമാർക്ക് അധികം നൽകിയ തുകകൾ ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-26 ബാരൽവില ഈടാക്കിയതിൽ കുറവ്

തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2020-21 വാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ട് നം. 42/22, പ്ലാശനാൽ പേരൂപ്പാറ കാളകെട്ടി റോഡ് റീ ടാറിംഗും ഐറിഷ് ഡ്രെയിൻ നിർമ്മാണവും എന്ന പ്രവൃത്തിക്ക് ബിറ്റുമിന്റെ ഉപയോഗം താഴെപ്പറയും പ്രകാരമാണ്.

| ഇനം | അളവ് | ബാരൽ |
|---|---|---|
| S65 | 2168kg | 14 |
| RS1 | 221kg | 1 |
| SS1 | 229kg | 2 |
| ആകെ | | 17 |

പ്രവൃത്തിയുടെ ബിൽ നൽകിയപ്പോൾ 9 ബാരലിന്റെ വിലയായി 2547 രൂപയാണ് ഈടാക്കിയിട്ടുള്ളത്. 17 ബാരലിന്റെ വിലയായി 4777 രൂപ ഈടാക്കേണ്ടതായിരുന്നു. ബാരൽവില ഈടാക്കിയതിൽ 2230 രൂപയുടെ കുറവുണ്ടായതായി കാണുന്നു. അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 6/12.12.22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബാരൽവില ഈടാക്കിയതിൽ കുറവ് വന്ന 2230 രൂപ ഒടുക്കുന്നതിന് കരാറുകാരന് കത്ത് നൽകുന്നതാണ് എന്ന് അറിയിച്ചു. കുറവ് വന്ന 2230 രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ബന്ധപ്പെട്ട ശീർഷകത്തിൽ സർക്കാരിലേക്ക് ഒടുക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-27 കരാർ ചമയ്ക്കാൻ താമസിച്ചു- പിഴ ഈടാക്കിയിട്ടില്ല.

തലപ്പലം ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം കരാറുകാർ വഴി നടപ്പാക്കിയ താഴെ ചേർക്കുന്ന പ്രവൃത്തികളിൽ നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറുകാരൻ പഞ്ചായത്തുമായി കരാർ ചമച്ചതായി കാണുന്നില്ല. ജി.ഒ(പി)നം. 13/ 2012/ PWD/ തീയതി- 1.2.12 പ്രകാരം പുതുക്കിയ കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2009.6 പ്രകാരം സെലക്ഷൻ നോട്ടീസ് കൈപ്പറ്റി 14 ദിവസത്തിനകം കരാർ ചമയ്ക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരനിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കിക്കൊണ്ടുവേണം കരാർ ചമയ്ക്കേണ്ടത്.

| ക്രമ നം. | പ്രോജക്ട് നം/ പേര് | കരാറുകാരൻ | സെലക്ഷൻ നോട്ടീസ് തീയതി | കരാറിലേർപ്പെട്ട തീയതി | പി.എ.സി. | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|---|---|---|
| 1 | 39/22 Hപനയ്ക്കപ്പാലം-ഇഞ്ചോലിക്കാവ് റോഡ് റീ ടാറിംഗ് | റ്റി. എ സുലൈമാൻ, തെക്കേമുറഞ്ഞൂർ, കളത്തുക്കടവ് | 17.12.21 | 10.1.22 | 267797 | 2678 |
| 2 | 45/22 മടപ്പാംതോട് ചാമപ്പാറ റോഡ് റീ ടാറിംഗ് | റ്റി. എ സുലൈമാൻ, തെക്കേമുറഞ്ഞൂർ, കളത്തുക്കടവ് | 17.12.21 | 10.1.22 | 267617 | 2676 |
| 3 | 24/22 കരിയിലക്കാനം മാതാക്കൽ റോഡ് മെയിന്റനൻസ് | ഷാഹുൽ ഹമീദ്, ചോച്ചപറമ്പിൽ, ഈരാറ്റുപേട്ട | 17.11.21 | 5.1.22 | 70924 | 709 |
| 4 | 25/22 ഓലായം ഇടകിളമറ്റം റോഡ് റീടാറിംഗും ഓട | സജി എം.എം, മാടപ്പള്ളിക്കുന്നേൽ, പൂഞ്ഞാർ | 17.12.21 | 5.1.22 | 267620 | 2676 |

| | നിർമ്മാണവും | | | | | | |
|---|---|---|---|---|---|---|---|

നിയമാനുസൃത സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരിൽ നിന്നും PAC യുടെ 1% പിഴ ഈടാക്കാതെ കരാർ ചമച്ചത് ക്രമപ്രകാരമല്ല. ആയത് സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 5/12.12.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ പിഴ ഈടാക്കുന്നതിന് ബന്ധപ്പെട്ട കരാറുകാർക്ക് കത്ത് നൽകുന്നതാണ് എന്ന് അറിയിച്ചു. സമയപരിധിക്കുള്ളിൽ കരാറിലേർപ്പെടാത്ത കരാറുകാരിൽ നിന്നും പിഴ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-28 പൊട്ടിച്ചുമാറ്റിയ പാറയുടെ സർവ്വേറിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

പ്രോജക്ട് നം. 49/22
വെട്ടീപ്പറമ്പ് കയ്യൂർ റോഡ് ഐറിഷ് ഡ്രയിൻ നിർമ്മാണം.
അടങ്കൽ- 300000 രൂപ (മെയിന്റനൻസ് ഫണ്ട് റോഡ്)
ചെലവ്- 289110 രൂപ (ബിൽ നം. 8/21-22/ 31.12.21)

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ 2-ാം ഇനമായി 10.4 M3 പാറ പൊട്ടിച്ചുമാറ്റിയതായി എം ബുക്ക് (നം AEE/TLPM/02/ 20.11.21 ) പേജ് 4 ലും എസ്റ്റിമേറ്റിലെ 5-ാം ഇനമായി ഡിപ്പാർട്ട്മെന്റൽ റബ്ബിൾ ഉപയോഗിച്ച് 3.51 M3 ഡി. ആർ മേസൺറി ചെയ്തിട്ടുള്ളതായി എം ബുക്ക് പേജ് 13 ലും അളവുകൾ രേഖപ്പെടുത്തിയിട്ടുണ്ട്. 10.4 M3 പാറ പൊട്ടിച്ചാൽ 15.6 M3 റബ്ബിൾ ലഭിക്കുന്നതാണ്. ഇതിൽ നിന്നും ഡി. ആർ മേസൺറി ചെയ്യുന്നതിന് 3.51 M3 റബ്ബിൾ ഉപയോഗിച്ചതിന് ശേഷം 12 M3 റബ്ബിൾ അവശേഷിക്കുന്നതാണ്. എന്നാൽ ഇത് സംബന്ധിച്ച് സർവ്വേറിപ്പോർട്ട് തയ്യാറാക്കി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകത സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 9/13.12.22-ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ ശേഷിച്ച കല്ലുകളിൽ 50% സൈറ്റിൽ തന്നെ കിടപ്പുണ്ടായിരുന്നു എന്നും ടി കല്ലുകൾ ഇപ്പോൾ കാണുന്നില്ല എന്നും അറിയിച്ചു. സൈറ്റിൽ ലഭ്യമായ പാറയെ സംബന്ധിച്ച് സർവ്വേ റിപ്പോർട്ട് തയ്യാറാക്കാതിരുന്നതും എം ബുക്കിൽ രേഖപ്പെടുത്താതിരുന്നതും അറിവില്ലായ്മ മൂലം സംഭവിച്ചതാണെന്നും മറുപടി നൽകി. ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും പഞ്ചായത്തിന് ധന നഷ്ടം ഉണ്ടാകാതെ ശ്രദ്ധിക്കേണ്ടതുമാണ്.

1-29 കോവിഡ് 19 പ്രതിരോധം - ഹോമിയോ ആശുപത്രിക്ക് മരുന്നും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങൽ - തെറ്റായ അക്കൗണ്ടിലേക്ക് തുക നൽകിയിരിക്കുന്നു

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 69/21-22, കോവിഡ് 19 പ്രതിരോധം - ഹോമിയോ ആശുപത്രിക്ക് മരുന്നും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| അടങ്കൽ | 75,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 75,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം., തീയതി | 4/21-22, 24.06.2021 – 50000/-<br>7/21-22, 27.10.2021 – 14819/-<br>22/21-22, 18.02.2022, 10181/- |

കോവിഡ് 19 പ്രതിരോധം - ഹോമിയോ ആശുപത്രിക്ക് മരുന്നും മറ്റ് അനുബന്ധ സാധനങ്ങളും വാങ്ങുന്നതിനായി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന

സ്ഥാപനത്തിന്റെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ 34306403911 നമ്പർ അക്കൗണ്ടിലേക്ക് 7/21-22, 27.10.2021 ബിൽ പ്രകാരം 14819/- രൂപ കൈമാറിയിട്ടുണ്ടെങ്കിലും രേഖകൾ പരിശോധിച്ചതിൽ 14819/- രൂപയുടെ മരുന്നുകളുടെ ബിൽ സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോറിന്റേതാണ്. കേരള സ്റ്റേറ്റ് ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് തുക നൽകുകയും മാവേലി മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്നുകൾ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കുകയും ചെയ്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/14.12.2022) ക്ലറിക്കൽ മിസ്റ്റേക്ക് മൂലമാണ് തുക തെറ്റായ അക്കൗണ്ടിലേക്ക് കൈമാറിയതെന്നും ഹോംകോയുമായി ബന്ധപ്പെട്ടപ്പോൾ രേഖാമൂലം വൗച്ചറുകൾ ലഭ്യമാക്കുന്ന മുറയ്ക്ക് തുക മെഡിക്കൽ ഓഫീസറുടെ അക്കൗണ്ടിൽ തിരികെ നൽകുന്നതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും തുക ലഭ്യമാകുമ്പോൾ സപ്ലൈകോയുടെ അക്കൗണ്ടിലേക്ക് കൈമാറുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക സപ്ലൈകോ മാവേലി മെഡിക്കൽ സ്റ്റോറിന്റെ അക്കൗണ്ടിലേക്ക് കൈമാറി രേഖകൾ ഹാജരാക്കുന്നതുവരെ 14819/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-30 പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായും ലഭ്യമായിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ/പേര് | 34/21-22, പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പി എച്ച് സി |
| അടങ്കൽ | 3,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ചെലവ് | 3,00,000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം) |
| ബിൽ നം., തീയതി | 2/21-22, 04.06.2021 – 165865/-<br>10/21-22, 27.10.2021 – 5200/-<br>15/21-22, 17.12.2021, 14501/-<br>17/21-22, 23.12.2021, 39493/-<br>25/21-22, 19.03.2022, 74941/- |

പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി കേരള മെഡിക്കൽ സർവീസ് കോർപ്പറേഷന്റെ പഞ്ചാബ് നാഷണൽ ബാങ്കിലുള്ള 3624001800000037 നമ്പർ അക്കൗണ്ടിലേക്ക് മേൽപ്പറഞ്ഞ 2/21-22, 04.06.2021 ബിൽ പ്രകാരം 165865/- രൂപ കൈമാറിയിട്ടുണ്ടെങ്കിലും 110475/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായതായി കാണുന്നുള്ളൂ. ബാക്കി 55390/- രൂപയുടെ മരുന്നുകളുടെ ലഭ്യതാവിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (17/14.12.2022) സ്റ്റോക്ക് കുറവായതിനാലാണ് മരുന്നുകൾ ലഭ്യമാകാത്തത് എന്ന് കേരള മെഡിക്കൽ സർവീസ് കോർപ്പറേഷനിൽ നിന്ന് അറിയിച്ചിട്ടുണ്ടെന്നാണ് മറുപടി ലഭ്യമാക്കിയത്. മുഴുവൻ തുകയ്ക്കും മരുന്നുകൾ ലഭ്യമാകുന്നതുവരെ 55390/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെടാത്തയാൾക്ക് ഇൻസെന്റീവ് നൽകി

നിർവഹണ ഉദ്യോഗസ്ഥൻ : ഡയറിഫാം ഇൻസ്ട്രക്ടർ
പ്രോജക്റ്റ് നമ്പർ :04/22
പ്രോജക്റ്റ് : ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി
അടങ്കൽ തുക : 200,000/-
ചെലവ് തുക : 200,000/-

ബിൽ നമ്പർ : 69/18.11.2021, 78/23.11.2021, 172/18-02-2022

ഡയറിഫാം ഇൻസ്ട്രക്ടർ നിർവഹണ ഉദ്യോഗസ്ഥനായി 2021-22 ൽ മേൽ പ്രൊജക്റ്റ് പ്രകാരം ഗുണഭോക്താക്കൾക്ക് 200,000/ രൂപ പാലിന് ഇൻസെന്റീവായി നല്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് ഭരണ സമിതിയും വാർഡ് തല ഗ്രാമസഭകളും അംഗീകരിച്ച 2021-22 വർഷത്തെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപെട്ടിട്ടില്ലാത്ത ശ്രീ. രാജീവ് പി കെ, പഴേട്ട് എന്ന വ്യക്തിക്ക് രണ്ട് തവണയായി 5361/-രൂപ സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ 16.09.2021 ലെ 1/3 നമ്പർ തീരുമാനപ്രകാരമാണ് ടിയാനെ മേൽ പ്രോജക്റ്റിന്റെ ഗുണഭോക്താവായി ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ആയതിന് ഗ്രാമസഭയുടെ സാധൂകരണം ലഭിച്ചിട്ടില്ല. വിശദാംശം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് എൻക്വയറി നല്കിയെങ്കിലും (നം. 08/12.12.2022) മറുപടി ലഭ്യമായില്ല. 5361/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ടിയാനെ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടുത്തിയതിന് ഗ്രാമസഭയുടെ അംഗീകാരം വാങ്ങി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-32 കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

പ്രോജക്റ്റ് നം.17/21-22 (കന്നുകുട്ടി പരിപാലന പദ്ധതി)
ചെലവ്- 437500/- രൂപ (വികസന ഫണ്ട് ജനറൽ, ബിൽ നം. 1/21-22/07.12.2021)
നിർവ്വഹണോദ്യോഗസ്ഥൻ - വെറ്ററിനറി സർജൻ
തലപ്പലം ഗ്രാമ പഞ്ചായത്തിന്റെ 2021-22 വാർഷിക പദ്ധതിയിൽ മേൽ പ്രോജക്റ്റ് നടപ്പാക്കുന്നതിനായി 437500/- രൂപ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടറുടെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. പദ്ധതി പൂർത്തീകരിക്കുന്ന മുറക്ക് ചെലവഴിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

### 1-33 സുലേഖ സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടുത്താത്ത പ്രോജക്റ്റ് നടപ്പാക്കിയിരിക്കുന്നു

വിഇഓ നിർവ്വഹണോദ്യോഗസ്ഥനായ പദ്ധതികളുടെ പരിശോധനയിൽ പ്രോജക്റ്റ് നം103/21-വൃദ്ധർക്ക് കട്ടിൽ -എസ്.ടി (സ്പിൽ ഓവർ) എന്ന പദ്ധതി പ്രകാരം ഒരു കട്ടിൽ എത്തിച്ച് തരുന്നതിന് ഡെകോർ ഇറ്റാലിയൻ ഫർണ്ണീച്ചർ എന്ന സ്ഥാപനത്തിന് ബിൽ നം 6/6.11.21 പ്രകാരം 3985 രൂപ നൽകുകയും ലഭ്യമായ കട്ടിൽ പെണ്ണമ്മ കുട്ടപ്പൻ എന്ന വ്യക്തിക്ക് കൈമാറുകയും ചെയ്തിട്ടുള്ളതിന്റെ വിവരങ്ങൾ ഫയലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പരിശോധനക്ക് ഹാജരാക്കിയ 2021-22 വർഷത്തെ സുലേഖ ചെലവ് പത്രികയിൽ പ്രസ്തുത പ്രോജക്റ്റ് ഉൾപ്പെടുത്തിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 21/15.12.22) പ്രസ്തുത പദ്ധതിക്ക് ഡി.പി.സി നം81898/21/DPC/DPO/KTMതീയതി 27.08.21 പ്രകാരം ഡിപിസി അംഗീകാരം ലഭിച്ചിട്ടുള്ളതാണെന്നും അപാകത സംഭവിച്ചിട്ടുള്ളത് ഏതെങ്കിലും സാങ്കേതിക പ്രശ്നമാകാനാണ് സാധ്യതയെന്നും മറുപടി നൽകിയിട്ടുണ്ട്. പ്രോജക്റ്റ് വിവരങ്ങൾ സുലേഖയിൽ രേഖപ്പെടുത്തപ്പെടാത്തത് സംബന്ധിച്ച് പരിശോധന നടത്തേണ്ടതും തുടർ നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതുമാണ്.

### 1-34 സെക്രട്ടറി നടപ്പാക്കിയ നിക്ഷേപ പ്രോജക്ടുകൾ- പൂർത്തീകരണ വിവരം ലഭ്യമാക്കിയിട്ടില്ല

തലപ്പലം ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം സെക്രട്ടറി നടപ്പാക്കിയ താഴെ ചേർക്കുന്ന നിക്ഷേപ പ്രോജക്ടുകളുടെ പൂർത്തീകരണ വിവരവും തുകയുടെ വിനിയോഗവിവരവും ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്റ്റ് നം/പേര് | ചെലവ് തുക | ബിൽ നം/വൗച്ചർ നം/തീയതി | തുക നൽകിയ സ്ഥാപനം |
|---|---|---|---|
| 2/22, എസ്.എസ്.എ വിഹിതം | 200000 | ബിൽ നം 10/21-22/ 08.7.2021 | എസ്.എസ്.കെ, ജില്ലാ പ്രോജക്റ്റ് ഓഫീസ് |

| | | | |
|---|---|---|---|
| 8/22 ജില്ലാ ആസൂത്രണസമിതി മന്ദിരത്തിനുള്ള വിഹിതം | 200000 | ബിൽ നം 11/21-22/ 08.7.2021 | ചെയർപേഴ്സൺ, ജില്ലാ പ്ലാനിംഗ് ഓഫീസ്, കോട്ടയം |
| 72/22 വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ | 472176 | വൗച്ചർ നം. XVFC/21-22 /P/3/15.02.22 | കെ.എസ്.ഇ.ബി, സെക്ഷൻ, ഈരാറ്റുപേട്ട |
| ,, | 724580 | വൗച്ചർ നം. XVFC/21-22 /P/4/07.03.22 | കെ.എസ്.ഇ.ബി, സെക്ഷൻ, ഭരണങ്ങാനം |
| 128/22 പഞ്ചായത്തിലെ കുഴൽകിണറിന് മോട്ടോർ വാങ്ങി സ്ഥാപിക്കലും അനുബന്ധ പ്രവർത്തനങ്ങളും | 180000 | ബിൽ നം 35/21-22/ 28.01.2022 | ഭൂജലവകുപ്പ്, കോട്ടയം |
| ആകെ | 1776756 | | |

മേൽ പ്രവൃത്തികളുടെ പൂർത്തീകരണ വിവരം/തുകയുടെ വിനിയോഗവിവരം ലഭ്യമായിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 25/16.12.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. പ്രോജക്ടുകളുടെ പൂർത്തീകരണ വിവരവും തുകയുടെ വിനിയോഗവിവരവും ലഭ്യമാക്കുന്നത് വരെ 1776756 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-35 ലൈഫ് പദ്ധതി- അവലോകനം

തലപ്പലം ഗ്രാമപഞ്ചായത്തിൽ ലൈഫ് പദ്ധതിയുമായി ബന്ധപ്പെട്ട് 2021-22 സാമ്പത്തിക വർഷം നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് വിശദാംശങ്ങൾ | ചെലവ് (രൂപ) |
|---|---|---|
| 1 | പ്രോജക്ട് നം28/21-22- ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 1579695 (896450-എസ്.സി.പി +320000-സംസ്ഥാനാവിഷ്കൃത ഫണ്ട്+225000- മറ്റ് ബ്ലോക്ക് പഞ്ചായത്ത്+ 138245- മറ്റ് ജില്ലാ പഞ്ചായത്ത്) |
| 2 | പ്രോജക്ട് നം 29/21-22- ലൈഫ് ഭവന പദ്ധതി (ടി.എസ്.പി) | 409317 (239417- ടി.എസ്.പി+ 120000-സംസ്ഥാനാവിഷ്കൃത ഫണ്ട്+ 49900- മറ്റ് ബ്ലോക്ക് പഞ്ചായത്ത്) |
| 3 | പ്രോജക്ട് നം 21/21-22- ലൈഫ് ഭവന പദ്ധതി | 1669592 (669592- പൊതു വിഭാഗം ജനറൽ+ 1000000- മറ്റ് ബ്ലോക്ക് പഞ്ചായത്ത്) |

| | | |
|---|---|---|
| | (ജനറൽ) | |
| 4 | പ്രോജക്ട് നം 105/21-22- ലൈഫ് ഭവന പദ്ധതി (ജനറൽ)- സ്പിൽ ഓവർ | 870408 (130408-പൊതു വിഭാഗം ജനറൽ + 590000- സംസ്ഥാനാവിഷ്കൃത ഫണ്ട് + 150000- മറ്റുള്ളവ ) |

ധന സഹായം കൈപ്പറ്റിയിട്ടും ഭവന നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല.

ലൈഫ് പദ്ധതികൾ (ഫേസ്-3) പ്രകാരം ഭവന നിർമ്മാണത്തിന് ധന സഹായം നൽകിയവരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവ് | കൈപ്പറ്റിയ തുക | ബിൽ വിശദാംശങ്ങൾ |
|---|---|---|---|
| 1 | റോസ് മോൾ ഫ്രാൻസിസ് | 40000 | 8/21-22 തീയതി 03.11.2021, 40000 രൂപ- വി.ഇ.ഒ പ്ലാശനാൽ |
| 2 | ബിജുമോൻ കെ.ഡി | 40000 | 14/21-22 തീയതി 17.03.2022, 360000 രൂപ- വി.ഇ.ഒ പ്ലാശനാൽ |
| 3 | രാജീവ് കെ ബി | 40000 | |
| 4 | വിനോദ് കുമാർ കെ കെ | 40000 | |
| 5 | ബിന്ദു കെ എ | 40000 | |
| 6 | തെയ്യാമ്മ ജോസഫ് | 40000 | |
| 7 | രമണി ഷാജി | 40000 | |
| 8 | ഗോപി മണിയാചാരി | 40000 | |
| 9 | ജെസ്സി ബാബു | 40000 | |
| 10 | ജിജി ഷാജി | 40000 | |
| 11 | സരോജിനി വേലായുധൻ | 40000 | 18/21-22 തീയതി 24.03.2022, 80000 രൂപ- വി.ഇ.ഓ അമ്പാറ |
| 12 | മഞ്ജുഷ പി ജി | 40000 | |

പരിശോധനക്ക് ഹാജരാക്കിയ രജിസ്റ്ററുകളും രേഖകളും പ്രകാരം പ്രസ്തുത ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയതായി കാണുന്നില്ല. ടി ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കിയതിന്റെ വിവരമറിയിക്കേണ്ടതാണ്.

ലൈഫ് പദ്ധതികളുമായി ബന്ധപ്പെട്ട് നാളിതു വരെ 77 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധന സഹായം നൽകിയിട്ടുള്ളതിൽ രണ്ടു ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു (2021-22 സാമ്പത്തിക വർഷം പുതിയതായി ഭവന നിർമ്മാണം ആരംഭിച്ചവരെ ഉൾപ്പെടുത്താതെ). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പേര് | കൈപ്പറ്റിയ തുക | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| മനജകുമാരി (W/o അനീഷ് കുമാർ), കടക്കച്ചിറ | 200000 | ബേസ്മെന്റ് വരെ പൂർത്തിയാക്കി. 19/08/20 ൽ വി.ഇ.ഓ കത്ത് നൽകി. |
| ജോസ് ദേവസ്യ | 40000 | 28/03/19 ന് അഡ്വാൻസ് കൈപ്പറ്റി. നിർമ്മാണം ആരംഭിച്ചിട്ടില്ല. |

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം പൂർത്തിയാക്കി വിവരമറിയിക്കേണ്ടതാണ്.

ലൈഫ് പദ്ധതി പ്രകാരം ഭൂമി ലഭ്യമായവരുടെ വിശദാംശങ്ങൾ

ലൈഫ് പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം താഴെ കൊടുക്കുന്ന ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി ഭൂമി വാങ്ങി നൽകിയിട്ടുണ്ട്.

| ക്രമ നമ്പർ | ഗുണഭോക്താവ് | സ്ഥലം നൽകിയ വ്യക്തി | തുക | ബിൽ വിശദാംശങ്ങൾ |
|---|---|---|---|---|
| 1 | രമണി ഷാജി | ജ്ജലി സുനിൽ | 200000 | 03/21-22 തീയതി 01.10.21, 800000 രൂപ- |
| 2 | രാജമ്മ മണി | ജ്ജലി സുനിൽ | 200000 | |
| 3 | രാജീവ് കെ ബി | രാമ കൃഷ്ണ ചെട്ടിയാർ | 200000 | |
| 4 | ജെസ്സി ബാബു | രാമ കൃഷ്ണ ചെട്ടിയാർ | 200000 | |
| 5 | മഞ്ജുഷ പി ജി | ജ്ജലി സുനിൽ | 225000 | 10/21-22 തീയതി 03.11.21, 225000 രൂപ- |
| 6 | വേലായുധൻ | ജ്ജലി സുനിൽ | 225000 | 10/21-22 തീയതി 30.12.21, 225000 രൂപ- |
| 7 | ബിജുമോൻ സി ഡി | ജോർജ്ജ് മാത്യു | 200000 | 4/21-22 തീയതി 01.10.21, 130408 രൂപ; 5/21-22 തീയതി 01.10.21, 69592 രൂപ |
| 8 | ജിജി ഷാജി | ജോയിക്കുട്ടി പ്ലാത്തോട്ടം | 200000 | 06/21-22 തീയതി 10.10.21 , 200000 രൂപ- |
| 9 | വിനോദ് കുമാർ കെ കെ | തോമസ് സെബാസ്റ്റ്യൻ | 200000 | 07/21-22 തീയതി 03.11.21, 200000 രൂപ- |

ഭൂമി ലഭ്യമായ പ്രസ്തുത ഗുണഭോക്താക്കളുടെ ഭവന നിർമ്മാണത്തിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതും തുടർ നടപടികൾ അറിയിക്കേണ്ടതുമാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ഗുണഭോക്തൃസമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും അധികമായി ഉൾപ്പെടുത്തിയ ഓവർഹെഡ് ചാർജ് കുറവ് ചെയ്തില്ല.

തലപ്പുലം ഗ്രാമ പഞ്ചായത്തിൽ 2021-22 വർഷം ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയ ഡാറ്റ ഉപയോഗിച്ചാണ് തയ്യാറാക്കിയിട്ടുള്ളത്. വേലമൂല്യത്തിൽ നിന്നും നികുതിവിഹിതങ്ങൾ കുറവ് ചെയ്യുമ്പോൾ കൺവീനർക്ക് നഷ്ടം വരാതിരിക്കാനാണ് 7.5% ഓവർഹെഡ് ചാർജ് ഉൾപ്പെടുത്തിയിട്ടുള്ളത്. 01.07.2017 മുതൽ വാറ്റ് നിർത്തലാക്കിയിട്ടുള്ളതിനാൽ ഗുണഭോക്തൃസമിതി നിർവ്വഹിച്ച മരാമത്ത് പ്രവൃത്തികളുടെ ബില്ലിൽ നിന്നും ആദായനികുതി 2% നിർമ്മാണതൊഴിലാളി ക്ഷേമനിധിവിഹിതം 1% എന്നിവ മാത്രമാണ് റിക്കവറി നടത്തിയിട്ടുള്ളത്. ഇത്തരം സന്ദർഭങ്ങളിൽ ബില്ലിൽ നിന്നും വേലമൂല്യത്തിന്റെ 5% തുക കുറവ് ചെയ്യണം എന്ന് 16.3.2018 ലെ DB3- 9058/17/CE/LSGDനമ്പർ സർക്കുലറിൽ വ്യക്തമാക്കിയിട്ടുണ്ട്. ഗുണഭോക്തൃസമിതി നിർവ്വഹിച്ച താഴെ പറയുന്ന പ്രവൃത്തികളുടെ ബില്ലിൽ നിന്നും വേലമൂല്യത്തിന്റെ 5% തുക കുറവ് ചെയ്തതായി കാണുന്നില്ല.

| ക്രമനം | പ്രോജക്ട് നം/ പേര് | കൺവീനർ | വേലമൂല്യം/ ചെലവ് | കൺവീനർക്ക് നൽകിയ തുക | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | 98/22 അഞ്ചൂറ്റിമംഗലം വാർഡിൽ കാളകെട്ടി ക്ലബ് ഭാഗത്ത് വെയിറ്റിംഗ് ഷെൽട്ടർ നിർമ്മാണം | ബിജു മാത്യു, വടക്കേകുറ്റിയാനിക്കൽ. | 32759 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) ബിൽ നം. 11/21-22 / 6.1.22 | 31776 | 1523 |
| 2 | 99/22 അഞ്ചൂറ്റിമംഗലം വാർഡിൽ അഞ്ചൂറ്റിമംഗലം-അതിരുപാറ റോഡ് ജംഗ്ഷനിൽ വെയിറ്റിംഗ് ഷെൽട്ടർ നിർമ്മാണം | അനിൽ മോൻ എം. കെ മണ്ണാന്ത്രമാലിൽ, അഞ്ചൂറ്റിമംഗലം | 32759 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് ) ബിൽ നം. 9/21-22 / 6.1.22 | 31776 | 1523 |
| 3 | 100/22 അഞ്ചൂറ്റിമംഗലം | ജോസഫ് കെ. ഡി, കൊട്ടാരത്തിൽ. | 32759 (ധനകാര്യ | 31776 | 1523 |

| | | | | | |
|---|---|---|---|---|---|
| | വാർഡിൽ വലിയകാവുംപുറം ജംഗ്ഷനിൽ വെയിറ്റിംഗ് ഷെൽട്ടർ നിർമ്മാണം | | കമ്മീഷൻ ഗ്രാന്റ് ) ബിൽ നം. 10/21-22 / 6.1.22 | | |
| | ആകെ | | | | 4569 |

ഗുണഭോക്തൃസമിതി വഴി നിർവ്വഹിച്ച മേൽ പ്രവൃത്തികളുടെ ബില്ലിൽ നിന്നും ഓവർഹെഡ് ചാർജ് ഇനത്തിൽ അധികം കണക്കാക്കിയ (വേലമൂല്യത്തിന്റെ 5%) തുക കുറവ് ചെയ്യാതെ കൺവീനർമാർക്ക് തുക നൽകിയത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ 4/12.12.22 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയതിൽ കൺവീനർമാർക്ക് അധികം നൽകിയ തുക ഈടാക്കുന്നതിന് കത്ത് നൽകുന്നതാണ് എന്ന് അറിയിച്ചു. അധികം നൽകിയ 4569 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. കൺവീനർമാർക്ക് അധികം നൽകിയ തുകകൾ ബന്ധപ്പെട്ട കൺവീനർമാരിൽ നിന്നും തിരികെ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## ഭാഗം -4
## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2021-22 | 20.07.2022 | 13.12.2022 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 18.12.2021<br>07.02.2022<br>07.02.2022 | 75000<br>70000<br>29000 | സുഭിക്ഷ കേരളം -സ്ഥിരം കൃഷിക്ക് കൂലി ചെലവ് സബ്സിഡി (പ്രോജക്ട് നം. 60/22) | 174000 | 0 |
| | 18.01.2022 | 100000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം. 30/22) | 100000 | 0 |
| | 27.11.2021 | 100000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി (പ്രൊജക്ട് നം. 04/22) | 100000 | 0 |
| | 25.10.2021 | 100000 | പാലിയേറ്റീവ് പരിചരണം (പ്രൊജക്ട് നം. 36/22) | 100000 | 0 |

| | | | | | |
|---|---|---|---|---|---|
| | 30.09.2021<br>12.10.2021 | 800000<br>200000 | ലൈഫ് മിഷൻ ഭവനനിർമാണത്തിന് ധന സഹായം ജനറൽ (പ്രൊജക്ട് നം. 21/22) | 1000000 | 0 |
| | 27.10.2021 | 49900 | ലൈഫ് മിഷൻ-ഭൂമിയുള്ള ഭവനരഹിതർക്ക് വീട്ട നിർമാണം ടിഎസ് പി ( പ്രോജക്ട് നം. 29/22) | 49900 | 0 |
| | 03.11.2021 | 225000 | ലൈഫ് മിഷൻ-ഭൂമിയുള്ള ഭവനരഹിതർക്ക് വീട്ട നിർമാണം എസ് സി പി ( പ്രോജക്ട് നം. 28/22) | 225000 | 0 |
| ആകെ | | 1748900 | | 1748900 | 0 |
| ജില്ലാപഞ്ചായത്ത് | 17.03.2022 | 138245 | ലൈഫ് മിഷൻ-ഭൂമിയുള്ള ഭവനരഹിതർക്ക് വീട്ട നിർമാണം എസ് സി പി ( പ്രോജക്ട് നം. 28/22) | 138245 | 0 |
| | 28.02.2022 | 160000 | ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പ് (പ്രോജക്ട് നം. 30/22) | 160000 | 0 |
| ആകെ | | 298245 | | 298245 | 0 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെഎസ്ഇബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ (72/21-22) | 22100467, 10.03.2022<br>22100403, 22.02.2022 | 724580<br>472176 | 0 | 1196756 |
| ഭൂജല വകുപ്പ്, കോട്ടയം | പഞ്ചായത്ത് ഓഫീസിലെ കുഴൽ | 35/21-22<br>28.01.2022 | 180000 | 0 | 180000 |

| | | | | | |
|---|---|---|---|---|---|
| | കിണറിന് മോട്ടോർ, അനുബന്ധ സാധനങ്ങൾ എന്നിവ വാങ്ങൽ (128/21-22) | | | | |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

2021-22 സാമ്പത്തിക വർഷം മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-5 വായ്പ/വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു. തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുക വാർഷിക ധനകാര്യ പത്രികയുമായി വ്യത്യാസപ്പെട്ടിരിക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷ വരവ് | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി | 8656962 | 360000 | 997333 | - | 8019629 |

2019-20 വർഷത്തിലെ ലോൺ ഇനത്തിലുള്ള തിരിച്ചടവ് തുകയായ 735294/- രൂപ ലോൺ ബാധ്യത തുകയിൽ നിന്ന് കുറവ് ചെയ്യിട്ടില്ലാത്തത് നിലവിലും ലോൺ നീക്കിയിരിപ്പിൽ ക്രമീകരിച്ചിട്ടില്ല.

## 4-6 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. യഥാർത്ഥത്തിലുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം, സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമല്ല. ബാങ്ക് സ്റ്റേറ്റ്മെന്റിലുള്ള വിവരങ്ങൾ വാർഷി132pxക ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 61752 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| പലിശ | 1563 |
| ആകെ | 63315 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 63315 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| തലപ്പലം സർവീസ് സഹകരണ ബാങ്ക്, പ്ലാശ്ശനാൽ ശാഖ<br>അക്കൗണ്ട് നം. 0120000015973 | 63315 |
| ആകെ | 63315 |

ബാങ്ക് സ്റ്റേറ്റ്മെന്റിൽ അവശേഷിക്കുന്ന തുക 42846/- രൂപയാണ്.

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2014-15 | 2-1, 2-2 | 2016-17 | 2, അനുബന്ധം-3 | വസ്തു നികുതി | ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |

## 4-9 ചാർജ്/സർചാർജ് നടപടികളിലൂടെ തുക ഈടാക്കിയതിന്റെ വിവരം

ഇല്ല .

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 56548694 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 46857677 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 4569 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2691037 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | -- | 4569 | ആര്യ എസ് ദിവാകരൻ അസിസ്റ്റന്റ് എഞ്ചിനീയർ |
| ആകെ | -- | 4569 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-19 | 5000 | ഷീജ പി എസ്, സെക്രട്ടറി |
| 1-20 | 7500 | ഷീജ പി എസ്, സെക്രട്ടറി |
| 1-23 | 556500 | ഷീജ പി എസ്, സെക്രട്ടറി |
| 1-24 | 269711 | ഷീജ പി എസ്, സെക്രട്ടറി |
| 1-29 | 14819 | ഡോ.യശോധരൻ ഗോപാലൻ, മെഡിക്കൽ ഓഫീസർ(പിഎച്ച്സി) |

| | | |
|---|---|---|
| 1-30 | 55390 | ഡോ.യശോധരൻ ഗോപാലൻ, മെഡിക്കൽ ഓഫീസർ(പിഎച്ച്സി) |
| 1-31 | 5361 | റൊണാൾഡ് വിൽസൺ, ഡയറി ഫാം ഇൻസ്ട്രക്ടർ |
| 1-34 | 1776756 | ഷീജ പി എസ്, സെക്രട്ടറി |
| ആകെ | 2691037 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഔദ്യോഗിക മേൽ വിലാസം | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| ആര്യ എസ് ദിവാകരൻ അസിസ്റ്റന്റ് എഞ്ചിനീയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തലപ്പലം | ആര്യ ഭവൻ പുന്നക്കാട് മന്നംകോണം പി ഒ, തിരുവനന്തപുരം-695125 |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്ന് പുറപ്പെടുവിച്ച എറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിയ്ക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2000-01, 01-02 | കെ.എസ്.എ-കെ.ടി.എം-പി.14/2022/1767/2022, 07.04.2017 | 3 |
| 2002-03 ചെലവ് | എൽ എഫ്.കെ.പി.7/925 /04/04.03.05 | - |
| 02-03 വരവ് | എൽ .എഫ്.കെ.പി.3/1087 /07/25.09.08 | - |
| 04-05 വരവുചെലവ് | കെ.എസ്.എ-കെ.ടി.എം-പി 14(അദാ.18)204(2)03.02.2018 | 01 |
| 2010-11, 2011-12 | കെ.എസ്.എ-കെ.ടി.എം-പി 14/അദാ.2022/1170/26.8.22 | 01 |
| 2012-13, 2013-14 | കെ.എസ്.എ-കെ.ടി.എം-പി 14/അദാ.2022/1170/26.8.22 | 02 |
| 2014-15 | കെ.എസ്.എ-കെ.ടി.എം-പി 14/അദാ.2022/1170/26.8.22 | 07 |

| | | |
|---|---|---|
| 2015-16 | കെ.എസ്.എ-കെ.ടി.എം.<br>പി.2-318/17,<br>തീയതി: 25.3.2017 | 10 |
| 2016-17 | കെ.എസ്.എ-കെ.ടി.എം.<br>പി.14-1924/2017,<br>തീയതി: 23.2.2018 | 06 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.<br>പി.14-1870/19,<br>തീയതി: 27.05.2020 | 02 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.<br>പി.14-1554/22,<br>തീയതി: 27.10.2022 | 09 |
| 2019-20 | കെ.എസ്.എ-കെ.ടി.എം.<br>പി.14-767/21,<br>തീയതി: 30.06.2021 | 14 |
| 2020-21 | കെ.എസ്.എ-കെ.ടി.എം.<br>പി.14-259/22,<br>തീയതി: 08.08.2022 | 17 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ ഖണ്ഡികകൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം , കോട്ടയം.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ തലപ്പലം ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്